VOL NO: 06 I ISSUE 05
www.nerpatham.com
mail@nerpatham.com
2022 JANUARY 29 I ₹10

# നേർപഥം
വാരിക

## സംവരണം; ആശ്വാസം നൽകുന്ന സുപ്രീംകോടതി വിധി

അധികാര രാഷ്ട്രീയത്തിനതീതമായി
മാനവ മോചനത്തിന്റെ പൈങ്കിളിപ്പാട്ടുമായി
കടന്നുവന്ന ദർശനമാണ്
കമ്യൂണിസം. എന്നാൽ
പതിറ്റാണ്ടുകൾക്കിപ്പുറത്ത്
അധികാരം നിലനിർത്താൻ എന്ത്
പൈങ്കിളിക്കഥകൾക്കും ദാർശനിക
പരിവേഷം നൽകാമെന്ന സ്ഥിതിയിലേക്ക്
തരംതാണിരിക്കുന്നു, അതിന്റെ
മുന്നണിപ്പോരാളികൾ.



# കമ്യൂണിസവും ലിബറലിസവും; ചില വർത്തമാനകാല ചിന്തകൾ

|| മതം മനുഷ്യനന്മക്ക്

|| അധാർമികത വിളയുന്ന കലാലയ മുറ്റങ്ങൾ

|| വിരലടയാളവും വിരൽത്തുമ്പിന്റെ മറ്റു പ്രത്യേകതകളും




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm

0262
# നേർപഥം
വാരിക

2022 ജനുവരി 29
1442 ജുമാദൽ ആഖിർ 26
പുസ്തകം 06 / ലക്കം 05




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി



10
## കമ്യൂണിസവും ലിബറലിസവും; ചില വർത്തമാനകാല ചിന്തകൾ
മുജീബ് ഒട്ടുമ്മൽ

05
മുഖമൊഴി
അധാർമികത വിളയുന്ന കലാലയ മുറ്റങ്ങൾ

06
ലേഖനം
രക്തദാനം:ആരോഗ്യദായകമായ പുണ്യകർമം
ഡോ. ടി.കെ. യൂസുഫ്

16
ജാലകം
വിരലടയാളവും വിരൽത്തുമ്പിന്റെ മറ്റു പ്രത്യേകതകളും
ഡോ. ജൗസൽ.സി.പി.

18
പുനർവായന
മതം മനുഷ്യ നന്മക്ക്
കെ.ഉമർ മൗലവി


22
ക്വുർആൻ ദർശനം
ക്വാഫ്

25
ആരോഗ്യപഥം
എന്താണ് കൗൺസലിംഗ്?
അബൂ റാഷിദ

26
ചരിത്രപഥം
മക്കാ വിജയം
ഹുസൈൻ സലഫി

32
മധുരം ജീവിതം
ഒന്നു ചിരിച്ചുകൂടെ ?
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

34
നമുക്കുചുറ്റും
സംവരണം; ആശ്വാസം നൽകുന്ന സുപ്രീംകോടതി വിധി
ടി.കെ. അശ്റഫ്



# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ

സമൂഹമാധ്യമങ്ങളിൽ ഫ്രന്റ് റിക്വസ്റ്റ് നടത്തുന്ന വേട്ടക്കാർ ഇടുന്ന ചൂണ്ടകളാണ് നന്മയുടെ ആദ്യപോസ്റ്റുകളും സന്ദേശങ്ങളും. ഈ ചൂണ്ടയിൽ കുടുങ്ങുന്ന സദ്‌വൃത്തയായ ഇരയെപോലും പിന്നീട് ദുർമാർഗത്തിലേക്ക് വലിച്ചിഴക്കാൻ വേട്ടക്കാർക്ക് കഴിയുമെന്നത് ദിനേനെ പുറത്തുവരുന്ന വാർത്തകൾ വ്യക്തമാക്കുന്നുണ്ട്.

ന്യായമെന്നു തോന്നിയ പ്രശ്നങ്ങളിൽ 'ഇഷ്ട'വും 'പങ്കുവെക്കലു'മെല്ലാമായി തുടങ്ങുന്ന ബന്ധങ്ങൾ പലപ്പോഴും അവിഹിതങ്ങളിലേക്കെത്തുന്നത് വ്യാപകമാണ്. പ്രത്യേകിച്ചും തന്റെ ജീവിതാവസ്ഥകൾ സംതൃപ്തമല്ലാത്ത യുവതികളാണ് ഇങ്ങനെ ചതിക്കപ്പെടുന്നത്.

മിസ്ഡ് കാൾ മുഖേന എത്രയോ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ തകർന്നുകഴിഞ്ഞിട്ടുണ്ട്. ധാർമിക ബോധത്തോടെ ജീവിക്കുന്ന സ്ത്രീകൾ സഭ്യേതരവാക്കുകൾ പറയുകയോ എഴുതുകയോ ചെയ്യുകയില്ല. അതിനാൽ തന്നെ നേർക്കുനേരെ ഒരു സ്ത്രീയിൽ നിന്ന് ഇത്തരം കാര്യങ്ങൾ കിട്ടുകയില്ല. എന്നാൽ സൈബറിടങ്ങളിലെ ക്രിമിനലുകൾ അതീവ തന്ത്രശാലികളാണ്. മാന്യമായ സംസാരത്തിലൂടെ അമാന്യമായതിലേക്കെത്തിക്കാനും പോക്ക് ശരിയല്ല എന്ന് ഇര തിരിച്ചറിയുമ്പോഴേക്കും തിരിച്ചു കയറാൻ കഴിയാത്തവിധം കെണിയിൽ പെടുത്താനും സൈബർ വേട്ടക്കാർ വിദഗ്ധരാണ്. ഫോട്ടോഷോപ്പിന്റെയും മോർഫിംഗിന്റെയും സാധ്യതകൾ ഏറ്റവുമേറെ ദുരുപയോഗപ്പെടുത്തുന്നത് സോഷ്യൽ മീഡിയകളിലെ ഇതുപോലുള്ള വേട്ടക്കാരാണ്.

പേജും വാളും ഫ്രണ്ട്സുമെല്ലാം തിരഞ്ഞ് സ്ത്രീ പുരുഷന്മാരുടെ സ്വഭാവവും സംസ്കാരവും അന്വേഷിക്കുന്നത് തൊഴിലാളികളെ തിരയുന്ന അന്താരാഷ്ട്ര ഭീമൻ കമ്പനികൾ മുതൽ നാട്ടിലെ വിവാഹാന്വേഷകർ വരെയാണെന്ന തിരിച്ചറിവ് നല്ലതാണ്.

അന്യരുമായി ഇടപെടുമ്പോൾ ഏറെ ശ്രദ്ധിക്കാൻ കല്പിക്കപ്പെട്ട മുസ്‌ലിം സ്ത്രീ ഇവിടെ ജാഗ്രത പാലിക്കേണ്ടതുണ്ട്. അന്യരുടെ മിസ്ഡ് കാളുകളെയും പോസ്റ്റുകളെയും അവഗണിക്കുക. അസഭ്യങ്ങളിലും അന്യായങ്ങളിലും മൗനം സമ്മതമാക്കാതിരിക്കുക. സ്വന്തവും കുടുംബവും പരിചയക്കാരുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ മൂന്നാമതൊരാൾ അറിയാൻ പാടില്ലാത്തതാണെങ്കിൽ അനുവദിക്കപ്പെട്ടവരോടു പോലും വാക്കായും ചിത്രമായും പങ്കുവെക്കാതിരിക്കുക. ഫോണിൽ ഭർത്താവിനോട് പ്രേമഭാഷണം നടത്തുന്നതും ചിത്രങ്ങൾ കൈമാറുന്നതുമെല്ലാം നാളെ നാം അപമാനിക്കപ്പെടാൻ ഇടയാക്കിയേക്കും. അക്കൗണ്ടുകൾ കുടുംബാംഗങ്ങൾ പരസ്പരം പങ്കുവെക്കുക. വീട്ടിലെ കുട്ടികളുടെ സ്വകാര്യമുറികളിൽ ഫോൺ അനുവദിക്കാതിരിക്കുക. നീണ്ട സംഭാഷണങ്ങൾ നിരീക്ഷിക്കുക. ഫോണും മറ്റും റീചാർജിംഗിനും സർവീസിനും കൈമാറുമ്പോൾ ദുരുപയോഗപ്പെടുത്തപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുക. ഇനിയും ഈ രംഗത്ത് സുരക്ഷയുടെ ഒരുപാടു വേലിക്കെട്ടുകൾ ഒരുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

സമൂഹ മാധ്യമങ്ങളുടെ മറ്റൊരു വലിയ ദൂഷ്യം അതിലൂടെ നൽകപ്പെടുന്ന വിവരങ്ങളുടെ ആധികാരികതയില്ലായ്മയാണ്. പലപ്പോഴും സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത വാർത്തകളും വിശേഷങ്ങളുമാണ് അതിൽ പങ്കുവെക്കപ്പെടുന്നത്. ഇതിൽ പലതും ബോധപൂർവമാണ്. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയുമെല്ലാം ലേബലിൽ ഇതിനായി പ്രവർത്തിക്കുന്ന പ്രത്യേക ഗ്രൂപ്പുകൾ തന്നെയുണ്ട്.

മതകാര്യങ്ങളായി പുണ്യകരമെന്ന നിലയിൽ പ്രചരിപ്പിക്കുന്ന പലതിനും ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമുണ്ടാകാറില്ല. ഏറെ വൈകാരികമായും മറ്റും അവതരിപ്പിക്കപ്പെടുന്ന ഇവ പലപ്പോഴും നല്ലതല്ലേ എന്ന ധാരണയിൽ വ്യാപകമായി ലൈകും ഷയറും വാരിക്കൂട്ടുന്നു. ഏതായാലും സൂക്ഷിക്കുന്നതു നന്ന്; ആണായാലും പെണ്ണായാലും. ■

**മുഫീദ് ടി.കെ, പാലക്കാഴി**

**:9207525244**

# അധാർമികത വിളയുന്ന കലാലയ മുറ്റങ്ങൾ


കേരളത്തിലെ പല കാമ്പസുകളിൽനിന്നും പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ആശാവഹമല്ല; ആശങ്കയുണർത്തുന്നതാണ്. കലാലയങ്ങൾക്ക് ഒരു പവിത്രതയുണ്ടായിരുന്നു. അധ്യാപകർ ആദരിക്കപ്പെട്ടിരുന്നു. സീനിയർ-ജൂനിയർ വ്യത്യാസമില്ലാതെ വിദ്യാർഥികൾ സൗഹൃദത്തിൽ കഴിഞ്ഞിരുന്നു. എന്നാൽ കക്ഷിരാഷ്ട്രീയത്തിന്റെ മറവിലുള്ള ക്രിമിനലിസം ഇന്ന് കാമ്പസുകളെ കലാപഭൂമിയാക്കുന്നു. വിദ്യാർഥികൾക്ക് തന്റെ പാർട്ടിക്കാരനല്ലാത്തവന്റെ നെഞ്ചിൽ കത്തിയിറക്കാൻ യാതൊരു മടിയുമില്ല. റാഗിംഗ് എന്ന ഓമനപ്പേരിൽ അതിക്രൂരമായി ജൂനിയർ വിദ്യാർഥികളെ കൂട്ടംകൂടി അക്രമിക്കാൻ യാതൊരു ഭയവുമില്ല. അധ്യാപകരെ പോലും മർദിക്കാനും മുറിയിൽ അടച്ചിടാനും വൈമനസ്യമില്ല. കാമകേളികളുടെ ചിത്രമുള്ള പോസ്റ്റർ പതിച്ച് 'സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക്' വിദ്യാർഥികളെ ക്ഷണിക്കാൻ യാതൊരു ലജ്ജയുമില്ല. മിക്ക കോളേജുകളിലും ക്ലാസിൽ കയറാതെ ഗുണ്ടായിസം കാണിച്ച് കറങ്ങി നടക്കുന്ന സംഘങ്ങളുണ്ട്. അവരുടെ കായികമായ അക്രമവും രാഷ്ട്രീയ നേതൃത്വത്തോടുള്ള അവരുടെ ബന്ധവും ഭയന്ന് ഒന്നും കാണാത്ത മട്ടിൽ നടക്കുന്ന അധ്യാപകരുണ്ട്. സാംസ്കാരിക, പ്രബുദ്ധ കേരളത്തിന് അപമാനമല്ലേ ഇതെല്ലാം?

വലിയ പ്രതീക്ഷയിലും താൽപര്യത്തിലുമാണ് പല രക്ഷിതാക്കളും മക്കളുടെ അക്കൗണ്ടിൽ വലിയ തുക നിക്ഷേപിച്ച് എ.ടി.എം കാർഡും നൽകി മക്കളെ പഠിക്കാൻ പറഞ്ഞയക്കുന്നത്. ഭാവിയിൽ അവർക്ക് ലഭിക്കാൻ പോകുന്ന കനത്ത ശമ്പളമാണ് അവർ സ്വപ്നം കാണുന്നത്. കാശെറിഞ്ഞ് കാശ് വാരാനുള്ള കേവലം 'ചരക്കാ'യി വിദ്യാഭ്യാസം മാറുമ്പോൾ മനുഷ്യത്വം വഴിമാറുന്നു. മയക്കുമരുന്നുമായി ഒരു മെഡിക്കൽ വിദ്യാർഥിയെ പോലീസ് പിടികൂടിയതിന്റെ വീഡിയോ സമൂഹമാധ്യമത്തിലൂടെ കാണാനിടയായി. അവൻ വർഷങ്ങളായി അതിന്റെ അടിമയാണ്. മയക്കുമരുന്ന് സ്ഥിരമായി താൻ പഠിക്കുന്ന സ്ഥാപനത്തിലെ പതിനഞ്ച് ഡോക്ടർമാർ ഉപയോഗിക്കുന്നുണ്ടെന്ന് അവരുടെ പേരെടുത്തു പറഞ്ഞുകൊണ്ട് അവൻ പോലീസിന്റെ ചോദ്യത്തിനുത്തരമായി സമ്മതിക്കുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുന്ന പെൺകുട്ടികളിൽ പലരും ചതിയിൽ അകപ്പെടുന്നതും മയക്കുമരുന്നിന് അടിമകളാകുന്നതും മാനംവിൽക്കുന്നതും രക്ഷിതാക്കൾ അറിയാതെ പോകുന്നു. അറിയുമ്പോഴേക്കും എല്ലാം നശിച്ചിരിക്കും. ഒരു ജോലി എന്നതിനപ്പുറം മറ്റൊന്നും ആഗ്രഹിക്കാതിരുന്നാൽ, മക്കളുടെ കാര്യത്തിൽ ഒരു 'കരുതൽ' ഇല്ലാതിരുന്നാൽ ഇതൊക്കെ സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ധാർമിക മൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന് കരുതി അവയിൽനിന്ന് അകന്നുനിൽക്കുന്നത് ബുദ്ധിയല്ലല്ലോ. മക്കൾക്ക് ചെറുപ്പത്തിൽ നിർബന്ധമായും മതവിദ്യാഭ്യാസം നൽകുക. അവർ എവിടെ ഏത് കോഴ്സിന് പഠിക്കുകയാണെങ്കിലും രക്ഷിതാക്കളുടെ സജീവ ശ്രദ്ധയും നിരീക്ഷണവും നിയന്ത്രണവും അവരുടെ കാര്യത്തിൽ ഉണ്ടാകണം. മരണ ചിന്തയും പരലോകബോധവും അവരിൽ വളർത്തണം. മതപരമായ കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്താനുള്ള ഉപദേശം നൽകിക്കൊണ്ടിരിക്കണം. ചീത്ത കൂട്ടുകെട്ടിൽ പെടരുതെന്ന് പറയണം.

ഞാൻ ആരാണ്? എവിടെനിന്നാണ് ഞാൻ വന്നത്? എവിടേക്കാണ് ഞാൻ പോകുന്നത്? ആരാണ് എന്നെയും ഇക്കാണുന്ന ചരാചരങ്ങളെയും സൃഷ്ടിച്ചത്? എന്താണ് എന്റെ ജീവിത ലക്ഷ്യം? ഇത്തരം ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടി ലഭിക്കേണ്ടത് തെറ്റായ അറിവിൽനിന്നും മുക്തമാവാൻ ആവശ്യമാണ്. പാരത്രിക ലോകത്ത് രക്ഷ നേടുവാൻ ആവശ്യമായ അറിവിനെ അവഗണിച്ചുകൊണ്ട് ഭൗതിക നേട്ടം മാത്രം ലഭിക്കുന്ന അറിവിന്റെ പിന്നാലെ പോയാൽ, ഇഹലോക ജീവിതത്തിന് പ്രാമുഖ്യം നൽകിയാൽ അത് ആത്യന്തിക നഷ്ടമായിരിക്കും സമ്മാനിക്കുക എന്ന് വിശ്വാസികൾ ഓർക്കേണ്ടതുണ്ട്.




# രക്തദാനം: ആരോഗ്യദായകമായ പുണ്യകർമം

ഡോ. ടി. കെ യൂസുഫ്
:9349798262

രക്തദാനം 'ജീവദാനം' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ജീവകാരുണ്യ പ്രവർത്തനമാണെന്നതിൽ സംശയമില്ല. എന്നാൽ രക്തം ദാനം ചെയ്യുന്നതിലൂടെ ഒരാൾക്ക് തന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനും ചില രോഗങ്ങളിൽനിന്ന് മുക്തിനേടാനും സാധിക്കുമെന്നാണ് ആധുനിക വൈദ്യശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നത്. രക്തത്തിന്റെ അപര്യാപ്തത കൊണ്ട് മാത്രം ജീവൻ നഷ്ടപ്പെടാനിടയുള്ള ഒരു രോഗിക്ക് രക്തം നൽകി അവനെ മരണത്തിൽനിന്നും കര കയറ്റുന്നത് ഒരു മനുഷ്യന് ജീവൻ നൽകുന്നതിന് തുല്യമായ ഒരു സൽകർമമാണ്. ഒരാളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞവനെ സംബന്ധിച്ചേടത്തോളം അവൻ മാലോകർക്ക് മുഴുവൻ ജീവൻ നൽകിയതിന് തുല്യമാണ് എന്നാണ് ക്വുർആനിന്റെ കാഴ്ചപ്പാട്.

അല്ലാഹു പറയുന്നു: ''മറ്റൊരാളെ കൊന്നതിന് പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ അത് മനുഷ്യരുടെ മുഴുവൻ

**ആരോഗ്യമുള്ള ഒരു വ്യക്തിയെ സംബന്ധിച്ചേടത്തോളം രക്തദാനത്തിലൂടെ അവന്റെ ശരീരത്തിന് ഊർജസ്വലത ലഭ്യമാകാനിടയുണ്ട്. കാരണം ഒരാളുടെ ശരീരകോശങ്ങളിലേക്കുള്ള ഓക്സിജൻ ലഭ്യത അവന്റെ ഉന്മേഷത്തിന്റെ ഒരു അടിസ്ഥാന ഘടകമാണ്. ഓക്സിജൻ കോശങ്ങളിലേക്ക് എത്തുന്നത് ചുവന്ന രക്താണുക്കൾ മുഖേനയാണ്. രക്തദാനം നടത്താത്ത ഒരാളുടെ ശരീരത്തിലെ ചുവന്ന രക്താണുക്കളുടെ തോത് സാമാന്യം വർധിച്ച നിലയിലായതുകൊണ്ട് രക്തധമനികളിൽ അവ തിങ്ങിനിറയുകയും അത് മൂലം കോശങ്ങളിലേക്കുള്ള ഓക്സിജൻ പ്രവാഹം അല്പം മന്ദഗതിയിലാകുകയും ചെയ്യും. രക്തദാനത്തിന് ശേഷം ഇവയുടെ എണ്ണത്തിൽ അല്പം കുറവ് വരികയും രക്തധമനികളിലെ തിരക്ക് ഒഴിയുന്നത് നിമിത്തം കോശങ്ങളിലേക്കുള്ള ഓക്സിജൻ പ്രവാഹം സുഗമമാകുകയും ശരീരത്തിന് ഉന്മേഷം ലഭ്യമാകുകയും ചെയ്യും.**

ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു'' (മാഇദ:32).

ഇന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് ശതമാനം രോഗികൾക്കും എന്തെങ്കിലും കാരണത്താൽ രക്തം ആവശ്യമായി വരാറുണ്ട്. മാരകരോഗങ്ങൽ, സങ്കീർണ ശസ്ത്രക്രിയകൾ, വാഹന അപകടങ്ങൾ എന്നിവ രക്തം ആവശ്യമായി വരുന്ന കേസുകൾക്ക് ഉദാഹരണമാണ്. അതിനു പുറമെ ചില രോഗികൾക്ക് രക്തത്തിലെ ചില ഘടകങ്ങളും അത്യാവശ്യമായിവരാറുണ്ട്. രക്തത്തിന് പകരമായി ഉപയോഗിക്കാൻ പറ്റിയ മറ്റു വസ്തുക്കൾ ഒന്നും ഇതുവരെ കണ്ടുപിടിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഇത്തരം സന്ദർഭങ്ങളിൽ രോഗിയുടെ ജീവൻ രക്ഷിക്കാൻ രക്തദാനമല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. അതുകൊണ്ട് തന്നെ രക്തദാനം മാനുഷിക പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്ന ഒരു സുകൃതമാണ്. ഈ ജീവകാരുണ്യ പ്രവർത്തനം ചെയ്യുന്നതിലൂടെ ഒരു വിശ്വാസിക്ക് ദൈവപ്രീതിയും പുണ്യവും നേടാൻ കഴിയും എന്നതിലുപരി ആരോഗ്യപരമായും ഇതിലൂടെ അവന് ഒട്ടേറെ നേട്ടങ്ങൾ ആർജിക്കാൻ കഴിയും.

ആരോഗ്യമുള്ള ഒരു വ്യക്തിയെ സംബന്ധിച്ചേടത്തോളം രക്തദാനത്തിലൂടെ അവന്റെ ശരീരത്തിന് ഊർജസ്വലത ലഭ്യമാകാനിടയുണ്ട്. കാരണം ഒരാളുടെ ശരീരകോശങ്ങളിലേക്കുള്ള ഓക്സിജൻ ലഭ്യത അവന്റെ ഉന്മേഷത്തിന്റെ ഒരു അടിസ്ഥാന ഘടകമാണ്. ഓക്സിജൻ കോശങ്ങളിലേക്ക് എത്തുന്നത് ചുവന്ന രക്താണുക്കൾ മുഖേനയാണ്. രക്തദാനം നടത്താത്ത ഒരാളുടെ ശരീരത്തിലെ ചുവന്ന രക്താണുക്കളുടെ തോത് സാമാന്യം വർധിച്ച നിലയിലായതുകൊണ്ട് രക്തധമനികളിൽ അവ തിങ്ങിനിറയുകയും അത് മൂലം കോശങ്ങളിലേക്കുള്ള ഓക്സിജൻ പ്രവാഹം അല്പം മന്ദഗതിയിലാകുകയും ചെയ്യും. രക്തദാനത്തിന് ശേഷം ഇവയുടെ എണ്ണത്തിൽ അല്പം കുറവ് വരികയും രക്തധമനികളിലെ തിരക്ക് ഒഴിയുന്നത് നിമിത്തം കോശങ്ങളിലേക്കുള്ള ഓക്സിജൻ പ്രവാഹം സുഗമമാകുകയും ശരീരത്തിന് ഉന്മേഷം ലഭ്യമാകുകയും ചെയ്യും.

ആരോഗ്യമുള്ള വ്യക്തികൾക്ക് മാത്രമല്ല ചില രോഗങ്ങൾകൊണ്ട് പ്രയാസപ്പെടുന്നവർക്കും അവരുടെ രോഗശമനത്തിന് ആക്കം കൂട്ടാൻ രക്തദാനം പ്രയോജനപ്രദമാണ്. രക്തദാനത്തെതുടർന്ന് ഒരാളുടെ രക്തത്തിലെ ചില ഘടകങ്ങളുടെ കുറവും മറ്റുചില ഘടകങ്ങളുടെ ആധിക്യവുമാണ് ഇതിനാധാരം. ഒരാളുടെ ശരീരത്തിൽനിന്ന് രക്തദാനത്തെ തുടർന്ന് നഷ്ടപ്പെടുന്ന പ്ലാസ്മ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ പൂർവസ്ഥിതിയിലെത്തും. എന്നാൽ ചുവന്ന രക്താണുക്കളുടെ നഷ്ടം നികത്താൻ മൂന്ന് ആഴ്ചയും രക്തത്തിലെ പ്ലേറ്റുകൾ പൂർവസ്ഥിതിയിലെത്താൻ ഏഴ് ദിവസവും വേണ്ടിവരും. അതകൊണ്ട് തന്നെ രക്താദാന

ത്തെതുടർന്ന് ഏതാനും ദിവസം ദാതാവിൽ വൈദ്യശാസ്ത്രത്തിൽ ഹിമോഡിലൂഷൻ എന്ന് പറയുന്ന ഒരു അവസ്ഥ സംജാതമാകും. രക്തത്തിൽ ചുവന്ന രക്താണുക്കളുടെയും വെളുത്ത രക്താണുക്കളുടെയും പ്ലേറ്റ്ലറ്റുകളുടെയും എണ്ണം കുറയുന്ന അവസ്ഥക്കാണ് ഈ പേര് പറയുന്നത്. ഈ ഘട്ടത്തിൽ രക്തദാനം ചെയ്യവന്റെ ശരീരത്തിൽ പ്ലാസ്മ ധാരാളമായി കാണപ്പെടുകയും പ്ലാസ്മയുടെ ഉറകൂടുന്ന സ്വഭാവം വളരെ ശക്തിപ്പെടുകയും ചെയ്യും. അതുകൊണ്ട് തന്നെ മുറിവും രക്തസ്രാവവും ഉള്ള രോഗികളെ സംബന്ധിച്ചേടത്തോളം മുറിവുണങ്ങാനും രക്തസ്രാവം നിലക്കാനും രക്തദാനത്തെ തുടർന്നുള്ള ശാരീരിക സ്ഥിതി സഹായകമായിത്തീരും. ഉദാഹരമായി, ആമാശയത്തിൽ അൾസർ ഉള്ള ഒരു രോഗി രക്തം ദാനം ചെയ്യുകയാണെങ്കിൽ അതുകാരണമായി രക്തത്തിലെ മറ്റുഘടകങ്ങളുടെ അപര്യാപ്തതയിൽ പ്രോട്ടീനും പ്ലാസ്മയും ധാരാളമായി വൃണത്തിലേക്ക് എത്തുകയും മുറിവുണങ്ങാൻ അത് സഹായകമായിത്തീരുകയും ചെയ്യും.

ചില മൈഗ്രെൻ രോഗികളിൽ തലച്ചോറിലേക്കുള്ള ഏതെങ്കിലും രക്തധമനികളിലെ ചുളിവ് കാരണം തലച്ചോറിലെ കോശങ്ങളിലേക്ക് മതിയായ അളവിൽ ഓക്സിജൻ എത്തിക്കാൻ ചുവന്ന രക്താണുക്കൾക്ക് കഴിയാതിരിക്കുകയും ഇത് ചെന്നിക്കുത്തിന് കാരണമായിത്തീരുകയും ചെയ്യാറുണ്ട്. രക്തദാനം ഈ പ്രതിസന്ധി തീർക്കാൻ ഒരളവോളം സഹായകമാണ്. രക്തദാനത്തിന് ശേഷം ചുവന്ന രക്താണുക്കളുടെ എണ്ണത്തിൽ കുറവ് വരികയും അവ ഇടുങ്ങിയ ധമനികളിൽ തടസ്സം സൃഷ്ടിക്കാതെ തലച്ചോറിലെ കോശങ്ങൾക്ക് ഓക്സിജൻ എത്തിച്ചുകൊടുക്കുകയും അതുമൂലം തലവേദന ശമിക്കുകയും ചെയ്യും. പുരാതന കാലത്ത് കൊമ്പ് വെക്കുന്ന ചികിത്സയിലൂടെ ചെന്നിക്കുത്ത് മാറിയിരുന്നതും ഈ തത്വമനുസരിച്ച് തന്നെയായിരിക്കും. അതുപോലെ രക്തം ദാനം ചെയ്യുന്നവരിൽ ഹൃദ്രോഗത്തിന്റെ തോത് മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണെന്ന് ആധുനിക പഠനങ്ങൾ തെളിയിക്കുന്നുണ്ട്. രക്തദാനം കാരണമായി രക്തത്തിലെ ഇരുമ്പിന്റെ തോത് കുറയുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നാണ് ഗവേഷകരുടെ നിഗമനം. രക്തത്തിലെ ഇരുമ്പിന്റെ അളവ് ക്രമാതീതമായി വർധിക്കുന്നത് ഹൃദ്രോരഗത്തിന് ഇടവരുത്തുന്നുണ്ടെന്നും അവർ കണ്ടെത്തിയിട്ടുണ്ട്.


**രക്തം ദാനം ചെയ്യുന്നവൻ അതിന് വിലയായി പണം സ്വീകരിക്കുന്നത് അനുവദനീയമല്ല എന്നാണ് ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. വിലക്കപ്പെട്ട ഒരു വസ്തു വിലയ്ക്ക് വാങ്ങുന്നതിലെ അനൗചിത്യമാണ് ഇതിന് അവർ തെളിവായി കാണുന്നത്. എന്നാൽ സ്വീകർത്താവ് ദാതാവിന് സന്തോഷപൂർവം നിബന്ധനയില്ലാതെ നൽകുന്ന പാരിതോഷികങ്ങൾ പണമായാലും സ്വീകരിക്കാമെന്നും പണ്ഡിതാഭിപ്രായമുണ്ട്. അമുസ്‌ലിംകൾക്ക് രക്തം ദാനം ചെയ്യുന്നതിന്റെ മതവിധിയും വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. സൗഹൃദത്തിൽ വർത്തിക്കുന്ന അന്യമതസ്ഥരോട് പുണ്യം ചെയ്യുന്നതിന് വിലക്കില്ലാത്ത സ്ഥിതിക്ക് അവർക്ക് രക്തം ദാനം ചെയ്യുന്നതിലും വിരോധമില്ല.**
**അല്ലാഹു പറയുന്നു: "മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല".**
**(മുംതഹന: 8)**

## നിബന്ധനകൾ

രക്തദാനം ആരോഗ്യദായകവും പുണ്യകരവുമാണെന്ന് വിചാരിച്ച് എല്ലാവർക്കും എല്ലാഴ്പ്പോഴും ഉദാരമായി ദാനം ചെയ്യാൻ പറ്റിയ ഒന്നല്ല രക്തം. അത് ദാനം ചെയ്യണമെങ്കിൽ താഴെ പറയുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതുണ്ട്:

1. രക്തം ദാനം ചെയ്യുന്നവൻ നല്ല ആരോഗ്യമുള്ള വ്യക്തിയായിരിക്കണം.
2. ദാതാവിന്റെ പ്രായം പതിനെട്ടിനും അറുപതിനും ഇടയിലായിരിക്കണം.
3. ദാതാവിന് ചുരുങ്ങിയത് 55 കിലോയെങ്കിലും ശാരീരിക ഭാരം ഉണ്ടായിരിക്കണം.
4. രക്തത്തിലൂടെ പകരാനിടയുള്ള രോഗങ്ങളുടെ വാഹകനല്ലാതിരിക്കണം.
5. രക്തത്തിൽ ഹിമോഗ്ലോബിന്റെ തോത് പുരുഷന്മാരിൽ 13 മുതൽ 17 വരെയും സ്ത്രീകളിൽ 12 മുതൽ 15 വരെയെങ്കിലുമുണ്ടാകണം.
6. രക്തസമ്മർദം 110/60 നും 140/90 നും ഇടയിലായിരിക്കണം. ഹൃദയമിടിപ്പ് 50-100 ആയിരിക്കുകയും ശരീരത്തിന്റെ ഊഷ്മാവ് 37.3 ഡിഗ്രി സെന്റിഗ്രേഡിൽ കൂടാതിരിക്കുകയും വേണം.
7. മേൽ നിബന്ധനകൾ ഒത്തിണങ്ങിയ ഒരു വ്യക്തിക്ക് വേണമെങ്കിൽ മൂന്ന് മാസത്തിലൊരിക്കൽ എന്ന തോതിൽ രക്തം ദാനം ചെയ്യാവുന്നതാണ്.

സാധാരണഗതിയിൽ രക്തം ദാനം ചെയ്യുന്നതുകൊണ്ട് ഒരാൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളൊന്നും ഉണ്ടാകുകയില്ല. പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ ശരീരത്തിൽ ചുരുങ്ങിയത്



അഞ്ചോ ആറോ ലിറ്റർ രക്തമുണ്ടായിരിക്കും അതിൽ **300-450** മില്ലി ലിറ്റർ മാത്രമെ ഒരിക്കൽ എടുക്കുകയുള്ളൂ. സാധാരണഗതിയിൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽതന്നെ ശരീരം അതിന് പകരമായി പുതിയ രക്തം ഉദ്പാദിപ്പിക്കാറുണ്ട്. ഒരു മാസത്തിന് ശേഷം രക്തത്തിലെ മുഴുവൻ ഘടകങ്ങളും പുതുതായി വീണ്ടും ഉദ്പാദിപ്പിക്കപ്പെടുകയും ശരീരം പൂർവസ്ഥിതിയിൽ എത്തുകയും ചെയ്യും.

## മതപരമായ കാഴ്ചപ്പാട്

രക്തം ശരീരത്തിലെ അടിസ്ഥാനഘടകമായതുകൊണ്ട് അതിന്റെ ഗണ്യമായ നഷ്ടം ഉടനെ പരിഹരിച്ചില്ലെങ്കിൽ ചിലപ്പോൾ അത് മരണത്തിനുതന്നെ കാരണമായിത്തീരും. ഇത്തരം സന്ദിഗ്ധഘട്ടങ്ങളിൽ ആരോഗ്യം അപകടത്തിലായ ഒരു രോഗിയെ രക്ഷിക്കുന്നതിന് വേണ്ടി രക്തം ദാനം ചെയ്യുന്നത് അനുവദീയമാണ് എന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. ഒരു നിർബന്ധിത സാഹചര്യം തരണം ചെയ്യുന്ന രംഗത്ത് മതപരമായി വിലക്കപ്പെട്ട കാര്യങ്ങൾ കൂടി അനുവദനീയമായീത്തീരാറുണ്ട് എന്നതിലുപരി രക്തം ദാനത്തിലൂടെ ദാതാവിനും ആരോഗ്യത്തിന് കാര്യമായ അപകടമൊന്നും സംഭവിക്കുന്നില്ല. അതുകൊണ്ട് തന്നെ രക്തദാനം അനുവദനീയമല്ല എന്ന് പറയാൻ ഖണ്ഡിതമായി തെളിവുകളൊന്നും കാണാൻ കഴിയില്ല. എന്നാൽ രക്തം ദാനം ചെയ്യുന്നവൻ അതിന് വിലയായി പണം സ്വീകരിക്കുന്നത് അനുവദനീയമല്ല എന്നാണ് ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. വിലക്കപ്പെട്ട ഒരു വസ്തു വിലയ്ക്ക് വാങ്ങുന്നതിലെ അനൗചിത്യമാണ് ഇതിന് അവർ തെളിവായി കാണുന്നത്. എന്നാൽ സ്വീകർത്താവ് ദാതാവിന് സന്തോഷപൂർവം നിബന്ധനയില്ലാതെ നൽകുന്ന പാരിതോഷികങ്ങൾ പണമായാലും സ്വീകരിക്കാമെന്നും പണ്ഡിതാഭിപ്രായമുണ്ട്.

അമുസ്ലിംകൾക്ക് രക്തം ദാനം ചെയ്യുന്നതിന്റെ മതവിധിയും വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. സൗഹൃദത്തിൽ വർത്തിക്കുന്ന അന്യമതസ്ഥരോട് പുണ്യം ചെയ്യുന്നതിന് വിലക്കില്ലാത്ത സ്ഥിതിക്ക് അവർക്ക് രക്തം ദാനം ചെയ്യുന്നതിലും വിരോധമില്ല.

അല്ലാഹു പറയുന്നു: ‘‘മത കാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകുയം ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല.’’ (മുംതഹന: **8**).

ഈ ആയത്തിന്റെയും വേറെ ചില ഹദീസുകളുടെയും അടിസ്ഥാനത്തിൽ അമുസ്ലിംകൾക്ക് പുണ്യവും ദാനവും ചെയ്യുന്നത് അനുവദനീയമാണെന്ന് കാണാനാവും. അതുകൊണ്ട് തന്നെ രക്തദാനവും ജാതിമതപരിഗണനകൾ കൂടാതെ ഏത് മനുഷ്യനും ചെയ്ത് കൊടുക്കാവുന്ന ഒരു പുണ്യകർമമാണ്. ■

> അധികാര രാഷ്ട്രീയത്തിനതീതമായി മാനവ മോചനത്തിൻെറ പൈങ്കിളിപ്പാട്ടുമായി കടന്നുവന്ന ദർശനമാണ് കമ്യൂണിസം. എന്നാൽ പതിറ്റാണ്ടുകൾക്കിപ്പുറത്ത് അധികാരം നിലനിർത്താൻ എന്ത് പൈങ്കിളിക്കഥകൾക്കും ദാർശനിക പരിവേഷം നൽകാമെന്ന സ്ഥിതിയിലേക്ക് തരംതാണിരിക്കുന്നു, അതിൻെറ മുന്നണിപ്പോരാളികൾ.



# കമ്യൂണിസവും ലിബറലിസവും; ചില വർത്തമാനകാല ചിന്തകൾ

മുജീബ് ഒട്ടുമ്മൽ
✆:9744431890

വിപ്ലവകാരികളിലെ വിപ്ലവകാരികളും ദാർശനികരിലെ മഹാദാർശനികരുമായ മാർക്സ്-എംഗൽസ് ദ്വയം വളർത്തിയെടുത്ത ശാസ്ത്രീയ സോഷ്യലിസമെന്ന സിദ്ധാന്തമാണ് എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരമെന്ന് വചോടാപം നടത്തുന്ന കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ മലയാളീ സ്വരം ലൈംഗികതയുടെ സീൽകാരങ്ങളിൽ അലിഞ്ഞ് ചേർന്നിരിക്കുകയാണ്!

മാർക്സിസം എന്ന ചലനാത്മകമായ പ്രത്യയശാസ്ത്രം സ്വാധീനിക്കാത്ത ഒരു മേഖലയുമില്ലെന്ന് വാദിക്കുമ്പോഴും കൗമാര ബാല്യങ്ങളുടെ മൃദുല വികാരങ്ങളിൽ അതിന് പ്രാണവായു കണ്ടത്തേണ്ടിവരുന്ന ഗതികേടിൽ തകർച്ചയുടെ ദയനീയമുഖം വിദ്യാർഥി സംഘടനാ കാമ്പയ്നിൽ വ്യക്തമാണ്. ഈ പ്രത്യയശാസ്ത്രം യുഗയുഗാന്തരങ്ങളോളം നിലനിൽക്കുമെന്ന ഏംഗൽസിന്റെ പ്രവചനം ഒരിക്കലും യാഥാർഥ്യമാകില്ലെന്ന സത്യം സോവിയറ്റ് യൂണിയന്റെ തകർച്ചയിലൂടെ ലോകത്തിന് ബോധ്യമായിട്ടും മലയാളീ ചുവപ്പ് അതിന് ഓക്സിജൻ കൊടുക്കാനുള്ള പെടാപാടിലാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റ ഉദയം കാണാൻ പോലും സൗഭാഗ്യം ലഭിക്കാത്ത പഴഞ്ചൻ മാർക്സിസ്റ്റ് ആശയസംഹിത മുതലാളിത്തവും മതദർശനങ്ങളും കെട്ടിയുണ്ടാക്കിയ നുണക്കഥകളിലും അധിക്ഷേപങ്ങളിലും തകർന്നടിഞ്ഞെന്ന വിലാപം പ്രത്യയശാസ്ത്രം എത്രയോ ബലഹീനമാണെന്ന് തെളിയിക്കുന്നതാണ്.

വർഗീയ വിഭജനങ്ങൾക്കതീതമായി മാനവരൊന്നാണെന്ന പ്രഖ്യാപനമാണ് മാക്സിസ്റ്റ് കമ്യൂണിസത്തിന്റെ സൗന്ദര്യമെന്ന് വീരവാദം മുഴക്കുമ്പോഴും മനുഷ്യരെ വർഗീകരിച്ച് ഒരു വിഭാഗത്തെ ഉൻമൂലനം ചെയ്യാൻ ദാർശനിക പിന്തുണ നൽകുന്ന പ്രത്യയശാസ്ത്രത്തിന്റെ ഭീകരമുഖം അതിന്റെ തനിസ്വരൂപം വെളിവാക്കുന്നുണ്ട്. 'ലോക ചരിത്രം വർഗസമരത്തിന്റ ചരിത്രമാണ്' എന്ന് പറഞ്ഞുതുടങ്ങുന്ന കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ പുരോഗമനത്തിന്റെയും കൊളോണിയലിസ്റ്റ് നുകം വലിച്ചെറിഞ്ഞ ജനതയുടെ സമരോത്സുകതയുടെയും നിമിത്തമാണെന്ന് വാദിക്കുമ്പോഴും കമ്യൂണിസ്റ്റ് ഭരണകൂടം കൊന്നുതള്ളിയ കോടിക്കണക്കിന് തൊഴിലാളികളുടെ രക്തം പ്രത്യശാസ്ത്രത്തിന്റെ മുഖംമൂടി വലിച്ചുകീറുന്നുണ്ട്.

മയക്കോവ്സ്കിയും ഗോർക്കിയും അന്ന അഹ്മത്തോവയും മേയർ ഹോൾഡും ഇസാക്ക് ബാബേലും പോലുള്ള സാഹിത്യകാരന്മാരും കലാകാരന്മാരുമടക്കമുള്ള രണ്ട് കോടിയിലേറെ മനുഷ്യജീവനുകളെയാണ് സ്റ്റാലിൻ ഭരണകൂടം കൊന്നുതള്ളിയത്. കമ്യൂണിസത്തിന്റെ ലോകവീക്ഷണത്തിൽ വിരുദ്ധ ഭാവങ്ങളുടെ സംഘട്ടനങ്ങളിലാണ് പദാർഥത്തിന്റെ നിലനിൽപെന്ന് വാദിക്കുന്നു. പ്രാപഞ്ചിക നിയമങ്ങൾക്ക് പിന്നിൽ പദാർഥാതീതമായ ഒരു ശക്തിയുണ്ടാകാനുള്ള സാധ്യതയെ നിഷേധിക്കാനായി പദാർഥങ്ങളെ ദൈവത്തെക്കാൾ ബുദ്ധിയുള്ള വസ്തുവായി സങ്കൽപിക്കുന്നിടം വരെ ആദർശ പാപ്പരത്തം പ്രകടമായി. പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ അഞ്ച് ചരിത്ര ഘട്ടങ്ങളായി വർഗീകരിച്ച് മാർക്സിസത്തിന് സാമൂഹ്യ ജീവിതത്തിലിടം നേടാനുള്ള ശ്രമവും ഏറെ കൗതുകകരമാണ്. വൈരുധ്യാധിഷ്ഠിത സംഘട്ടനങ്ങളിലൂടെ രൂപംപ്രാപിക്കുന്ന ഘട്ടങ്ങളിൽ സോഷ്യലിസത്തിന് ശേഷം എന്തെന്ന എന്ന ചോദ്യം കേവലം ഉട്ടോപ്യ മാത്രമാണിതെന്ന് ബോധ്യപ്പെടുത്തും. ആധുനിക മാനവ സാമൂഹിക ജീവിതക്രമത്തിൽ ചവറ്റുകൊട്ടയിലെറിയപ്പെടേണ്ട ആശയമാലിന്യമാണിതെന്ന വസ്തുത തിരിച്ചറിഞ്ഞ മാർക്സിസ്റ്റ് പക്ഷപാതികളുടെ കൗശലമാണ് കേരളക്കരയിലെ അവകാശ നിഷേധവും മാനവവിരുദ്ധ വിഷയങ്ങളിലെ സമകാലിക ചർച്ചകളും.

**മാനവമോചനത്തിന്റെ സുന്ദര വാക്കുകളുയർത്തിയാണ് മാർക്സിസം അധികാര സോപാനത്തിലേക്ക് കടന്നുകയറിയത്. അധികാരം കയ്യിലമർന്നാൽ വിശ്വസിച്ചവരെ വഞ്ചിച്ച് ഭരണം നിലനിറുത്താൻ നീചവും ക്രൂരവുമായ നടപടികൾ സ്വീകരിക്കുകയാണതിന്റ ശൈലി. പോളണ്ടിലെ തൊഴിലാളിവർഗം അനുഭവിച്ച ദുരിതം ചരിത്രത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. സാമൂഹിക വിപ്ലവങ്ങൾ മാർക്സിസ്റ്റ് ഭരണകൂടത്തിനെതിരെയാകുമ്പോൾ തെറ്റുകൾ തിരുത്തുന്നതിന് പകരം പ്രതിപക്ഷത്തിരിക്കുന്നവരെ ഉന്മൂലനം ചെയ്യുകയാണ് പ്രത്യയശാസ്ത്രത്തിന്റെ സമീപനം. സ്റ്റാലിനും ലെനിനും സ്വീകരിച്ച മാർഗവും അതാണെന്ന് കാണാം.**

## വിമർശനങ്ങളെ നേരിടുന്ന കമ്യൂണിസ്റ്റ് ശൈലി

മാനവമോചനത്തിന്റെ സുന്ദര വാക്കുകളുയർത്തിയാണ് മാർക്സിസം അധികാര സോപാനത്തിലേക്ക് കടന്നുകയറിയത്. അധികാരം കയ്യിലമർന്നാൽ വിശ്വസിച്ചവരെ വഞ്ചിച്ച് ഭരണം നിലനിറുത്താൻ നീചവും ക്രൂരവുമായ നടപടികൾ സ്വീകരിക്കുകയാണതിന്റ ശൈലി. പോളണ്ടിലെ തൊഴിലാളിവർഗം അനുഭവിച്ച ദുരിതം ചരിത്രത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. സാമൂഹിക വിപ്ലവങ്ങൾ മാർക്സിസ്റ്റ് ഭരണകൂടത്തിനെതിരെയാകുമ്പോൾ തെറ്റുകൾ തിരുത്തുന്നതിന് പകരം പ്രതിപക്ഷത്തിരിക്കുന്നവരെ ഉന്മൂലനം ചെയ്യുകയാണ് പ്രത്യയശാസ്ത്രത്തിന്റെ സമീപനം. സ്റ്റാലിനും ലെനിനും സ്വീകരിച്ച മാർഗവും അതാണെന്ന് കാണാം. സ്റ്റാലിൻ, ഭരണകൂടത്തെ വിമർശിച്ച ട്രോട്സ്കിയെയും മക്കളെയും കൊലപ്പെടുത്തിയാണ് സിംഹാസനമുറപ്പിച്ച് നിറുത്തിയത്. ട്രോട്സ്കിയെ പിന്തുണക്കുന്നവരെന്നാരോപിച്ച് കൊലപ്പെടുത്തിയവരുടെയും എണ്ണം തിട്ടപ്പെടുത്താനാവില്ല.

അധികാരദുരയാൽ കസേര നിലനിറുത്താൻ മാർക്സിസ്റ്റ് സൈദ്ധാന്തികരുടെ ശൈലിയിൽ പ്രബുദ്ധമായ മലയാളനാട്ടിലും ചില തന്ത്രങ്ങൾ നടക്കുന്നുണ്ട്. ഭരണത്തിലെ കൊള്ളരുതായ്മകളും അഴിമതിയും സ്വജനപക്ഷപാതവും സമൂഹത്തിൽ ചർച്ചയാകുമ്പോൾ വിദ്യാർഥികളെ വൈകാരികമായി ഇളക്കിവിട്ട് സഹപാഠികളെ കൊന്നും പൊതുമുതൽ നശിപ്പിച്ചും

പൊതുനിരത്തുകൾ യുദ്ധക്കളമാക്കി മാധ്യമങ്ങളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധ തിരിച്ചുവിടാനുള്ള കുതന്ത്രങ്ങൾ പയറ്റിയ നാടാണ് നമ്മുടേത്.

മുസ്‌ലിം ന്യൂനപക്ഷത്തിന്റെ സ്വാതന്ത്ര്യവും അവകാശവും ധ്വംസിക്കുന്ന നിയമനിർമാണത്തിന് ധൃതിപ്പെടുന്ന സാഹചര്യത്തെ ചൂണ്ടിക്കാണിച്ച് സമുദായത്തിന്റെ രൂക്ഷമായ പ്രതിഷേധവും വിയോജിപ്പും മറച്ചുവെക്കാനും അതിൽനിന്ന് ശ്രദ്ധ തിരിക്കാനും മാനവ വിരുദ്ധാശയങ്ങൾക്ക് പ്രചാരണം നൽകി നിശ്ശബ്ദമാക്കാനുമുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ന്യൂനപക്ഷ സമൂഹങ്ങളുടെ ഉന്മൂലനത്തിനായി സംഘപരിവാര രാഷ്ട്രീയം അധികാരമുപയോഗിച്ച് പൗരത്വ നിഷേധത്തിനായി നിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ പ്രതിഷേധിച്ച മുസ്‌ലിം ചെറുപ്പക്കാർക്കെതിരെ കേരള സർക്കാർ കേസെടുത്തതും അത് പിൻവലിക്കാൻ തയ്യാറാകാത്തതും സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പടക്കമുള്ള മുസ്‌ലിം സംവരണാനുകൂല്യങ്ങൾ ഇതര സമൂഹങ്ങൾക്ക് കൂടി വീതിച്ചുനൽകി നീതിനിഷേധം നടത്തിയതും ഭരണഘടന ഉറപ്പുനൽകിയ ആരാധനാ സ്വാതന്ത്ര്യത്തിന് വിലക്ക് വീഴുംവിധം വഖഫ് ബോർഡ് നിയമനം പി.എസ്.സിക്ക് വിട്ട് അതിനെ പൊതുവൽക്കരിക്കാനുള്ള ശ്രമം നടത്തിയതും നാം കണ്ടതാണ്.

പ്രണയാതുരനായ സഖാവിന്റ കാമുകി തട്ടമിട്ടവളാണെങ്കിൽ പാർട്ടി ഓഫീസിൽ പ്രത്യേക സുരക്ഷയൊരുക്കി 'മതത്തിന്റെ വേലിക്കെട്ട് തകർത്തു വന്നവർ' എന്ന ധീരപരിവേഷം നൽകി സ്വീകരണം നൽകാനും 'കേരള മാർക്സിസം' കാണിക്കുന്ന ജാഗ്രത ഒന്നു വേറെത്തന്നെയാണ്. മാതാപിതാക്കളുടെ കണ്ണുനീരിൽ കരുണാർദ്രമാകാത്ത ചുവപ്പൻ ഹൃദയങ്ങൾ മുസ്‌ലിം പെൺകുട്ടികളുടെ അവകാശങ്ങളെ ക്കുറിച്ചോർത്ത് നൊമ്പരപ്പെടുന്നതിലെ വിരോധാഭാസം ശ്രദ്ധേയമാണ്.

പ്രബോധകരായ മുസ്‌ലിം പ്രഭാഷകരുടെ വാചക സ്ഖലിതങ്ങളിൽ പിടിച്ച് കേസ് ചാർജ് ചെയ്യുകയും എന്നാൽ വിദ്വേഷ പ്രസംഗം നടത്തുന്നവരുടെ അരമനകളിൽ ചെന്ന് പിന്തുണക്കുകയും ചെയ്യുന്ന അധികാരികളുടെ ഇരട്ടനീതിക്കും കേരളം സാക്ഷിയായിട്ടുണ്ട്. 'തീവ്രവാദി, ഭീകരവാദീ' പ്രയോഗങ്ങളും മുസ്‌ലിം പേരിനോട് ചേർത്ത് പറയാനുള്ള ആവേശം ഇതര വിഭാഗങ്ങളിലുള്ളവരോട് കാണിക്കാനുള്ള വൈമനസ്യവും അധികാരികൾ പ്രകടമാക്കയതും നാം കാണുകയുണ്ടായി.

രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുത്ത മതേതര കക്ഷികളിലെ മുസ്‌ലിം നാമധാരികളെ തീവ്രവാദ മുദ്രകുത്തി പ്രത്യേകം തുറുങ്കിലടക്കുകയും സമാനമായ രീതിയിൽ പ്രതികരിച്ചവർക്കെതിരെ

> **ന്യൂനപക്ഷ സമൂഹങ്ങളുടെ ഉന്മൂലനത്തിനായി സംഘപരിവാര രാഷ്ട്രീയം അധികാരമുപയോഗിച്ച് പൗരത്വ നിഷേധത്തിനായി നിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ പ്രതിഷേധിച്ച മുസ്‌ലിം ചെറുപ്പക്കാർക്കെതിരെ കേരള സർക്കാർ കേസെടുത്തതും അത് പിൻവലിക്കാൻ തയ്യാറാകാത്തതും സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പടക്കമുള്ള മുസ്‌ലിം സംവരണാനുകൂല്യങ്ങൾ ഇതര സമൂഹങ്ങൾക്ക് കൂടി വീതിച്ചുനൽകി നീതിനിഷേധം നടത്തിയതും ഭരണഘടന ഉറപ്പുനൽകിയ ആരാധനാ സ്വാതന്ത്ര്യത്തിന് വിലക്ക് വീഴുംവിധം വഖഫ് ബോർഡ് നിയമനം പി.എസ്.സിക്ക് വിട്ട് അതിനെ പൊതുവൽക്കരിക്കാനുള്ള ശ്രമം നടത്തിയതും നാം കണ്ടതാണ്.**

നിശ്ശബ്ദമാവുകയും ചെയ്യുന്ന അധികാരി പക്ഷപാതിത്വവും നാം കണ്ടു. സമാധാന സന്ദേശ പ്രചാരണത്തിനായി ലഘുലേഖ വിതരണം ചെയ്യവരെ മർദിച്ചവരെ വെറുതെ വിടുകയും മർദനമേറ്റവർക്കെതിരെ കേസെടുക്കുകയും ചെയ്ത നിമപാലനത്തിനും നാം സാക്ഷിയായി.

## കാമ്പസ് വിചാരങ്ങളെ നിഷ്ക്രിയമാക്കും വിധം

ഇന്തോനേഷ്യയിലെ ജക്കാർത്തയയിലെ കമ്യൂണിസ്റ്റ് തേരോട്ടത്തെക്കുറിച്ച് പ്രസിദ്ധ അറബി സാഹിത്യകാരൻ നജീബ് കൈലാനി എഴുതിയ ചരിത്ര നോവലിൽ കോളേജ് കാമ്പസുകൾ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. സ്ത്രീ വിമോചനത്തെ കുറിച്ച് പെൺകുട്ടികളെ ജാഗരം കൊള്ളിച്ച് കാമ്പസുകൾ



കയറിയിറങ്ങിയ ഐദീദ് എന്ന കഥാപാത്രം ഇസ്‌ലാമിക മാർഗദർശനങ്ങളിലെ ഉജ്വലമായ സന്ദേശങ്ങൾ കൊണ്ട് പ്രതിരോധിച്ച മുസ്‌ലിം പെൺകുട്ടിയുടെ വാദഗതികളിൽ തപ്പിത്തടയുന്നത് രസകരമായി വരച്ചുകാണിക്കുന്നുണ്ട്. ആശയ പ്രചാരണത്തിന് ദാർശനികവും ബൗദ്ധികവുമായ മാനം നൽകുന്നതിന് പകരം അവിടെയും ലൈംഗികതയും കൗമാര ചാപല്യങ്ങളുമാണ് മാർക്സിസം ഉപയോഗിച്ചത്.

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിന്റെ മാർഗദർശനങ്ങൾക്ക് മുന്നിൽ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങൾക്ക് നിലനിൽപുണ്ടാവില്ലെന്ന തിരിച്ചറിവാണ് കൗമാര ചാപല്യങ്ങൾക്ക് വർണപ്പകിട്ടേകി മാർക്സിസം കാമ്പസുകളിൽ പിടിച്ചുനിൽക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നത്. 1970കളിലെ കാമ്പസുകളെ മാതൃകയാക്കി വാചാലമാകുന്ന പ്രവണത ബുദ്ധിജീവികളിൽ കണ്ടുവരാറുണ്ട്. ഇംഗ്ലീഷ് അക്ഷരങ്ങൾ കൂട്ടിവായിക്കാനായാൽ ദൈവത്തെ നിരാകരിച്ചിരുന്ന കാലമായിരുന്നതിനാലാണത്രെ പലരും എഴുപതുകളെ കുറിച്ച് അഭിമാനിച്ചിരുന്നത്. കലാലയങ്ങളുടെ ധർമവും ഉത്തരവാദിത്തവും തിരിച്ചറിഞ്ഞ തലമുറ വളർന്നതോടെയാണ് കമ്യൂണിസത്തിന് കാലിടറിയത്. സർഗാത്മകതയുടെ ആവിഷ്കാരത്തിനും വൈജ്ഞാനിക മുന്നേറ്റത്തിനും അന്വേഷണാത്മകമായ ചിന്തകൾക്കും ചർച്ചകൾക്കും രാഷ്ട്രനിർമാണ പ്രക്രിയകൾക്കും മാനവികതയും സംസ്കാരവും രൂപപ്പെടുന്നതിനും സക്രിയമായ കാമ്പസുകൾ അനിവാര്യമെന്ന് തിരിച്ചറിഞ്ഞവർ വിദ്യാഭ്യാസത്തിന്റെ അനിവാര്യതയിലേക്ക് ചുവട് വയ്ക്കുകയായിരുന്നു. ദൈവവിശ്വാസവും വിജ്ഞാനവും ഉൾച്ചേർന്ന വ്യക്തിയിൽ കമ്യൂണിസമെന്ന ഭൗതിക പ്രത്യയശാസ്ത്രത്തിന് നിലനിൽപില്ലെന്നത് സാവകാശം മനസ്സിലാക്കിയ വസ്തുതയാണ്. യന്ത്രവൽകരണത്തെ നിരാകരിച്ച് വിവര സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ വിജ്ഞാന വിസ്ഫോടനത്തിൽനിന്ന് പുറംതിരിഞ്ഞ് നിൽക്കുന്ന അറിവില്ലാത്ത വികൃതിക്കൂട്ടങ്ങളിൽ മാത്രം നിലനിൽപ് തേടുന്നതിലേക്ക് കേരള മാർക്സിസം ആപതിച്ചു. മുസ്‌ലിം പിന്നാക്കാവസ്ഥയിൽ ഇന്ത്യയിൽ തന്നെ മുന്നിൽ നിൽക്കുന്ന പശ്ചിമ ബംഗാളിനെയും ത്രിപുരയെയുമെല്ലാം മാതൃകയായിക്കണ്ടു. മുസ്‌ലിം വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് തടയിടാൻ തന്ത്രങ്ങൾ മെനഞ്ഞു. മലബാറിലെ കലാലയങ്ങളിലവർ വട്ടമിട്ടു പറന്നു. മലപ്പുറവും ഫറോക് കോളേജും മറ്റു കലാലയങ്ങളും അവരുടെ ഹിറ്റ് ലിസ്റ്റിൽ ഇടം നേടി. 'വത്തക്ക' സമരങ്ങളും ഫ്ളാഷ് മോബുകളും കൊണ്ട് പ്രത്യയശാസ്ത്ര വക്താക്കൾ അഴിഞ്ഞാടി പഠനത്തിന് തടസം സൃഷ്ടിച്ചു. യൗവനത്തിന്റെ മൃദുല വികാരങ്ങളെയും ലൈംഗിക ചോതനകളെയും തൊട്ടുണർത്തി വിദ്യാർഥികളെ പഠനത്തിൽനിന്ന് വ്യതിചലിപ്പിച്ചു. മതനിരാസവും ദൈവനിഷേധവും വിദ്യാർഥികളിൽ പ്രചരിപ്പിച്ചു. മനുഷ്യബന്ധങ്ങളെ തകർത്തെറിഞ്ഞ് സംസ്കാരശൂന്യരായ തലമുറയ്ക്കായി കരുക്കൾ നീക്കി.

## ലിംഗസമത്വത്തിന്റെ ചുവപ്പൻ വീര്യം

"വിവാഹേതര ലൈംഗിക ബന്ധങ്ങളെ അപ്പാടെ ഹ്യൂമനിസ്റ്റുകൾ പഴിക്കുന്നില്ല, ആരെയും ദ്രോഹിക്കാതെയും സ്വന്തം ഇച്ഛ ആരുടെമേലും അടിച്ചേൽപിക്കാതെയുമുള്ള ലൈംഗിക ബന്ധങ്ങൾ അനുവദിക്കപ്പെടാം. എന്നാൽ ആവശ്യമില്ലാതെ ഒരു ശിശുവിന് ജന്മം കൊടുക്കുന്നത് സദാചാര വിരുദ്ധമാണെന്ന് മാനവിക പക്ഷക്കാർ കരുതുന്നു. എന്നാൽ ഒരേ ലിംഗത്തിൽ പെട്ട പ്രായപൂർത്തിയായ ആളുകൾ പരസ്പരം ലൈംഗികസുഖം പങ്കിടുന്നതിന് തീരുമാനിച്ചാൽ അതിൽ തെറ്റില്ല എന്നാണ് മാനവിക പക്ഷം, അതിനാലാണ് മറ്റു ചില പുരോഗമനാശയക്കാരുടെ സംഘങ്ങളോടൊപ്പം ചേർന്ന് ഹ്യൂമാനിസ്റ്റുകൾ സ്വവർഗ രതിയെ വിലക്കുന്ന നിയമത്തിനെതിരെ പ്രചാരവേല നടത്തിയത്". ബ്രിട്ടണിലെ യുക്തിവാദ സംഘടനയായ 'നാഷണൽ സെക്യുലർ സൊസൈറ്റി'യുടെ പ്രസിഡന്റായ ബാർബറ സ്മോക്കർ എഴുതിയ വരികളാണിത്.

വ്യഭിചാരവും സ്വവർഗ രതിയും യുക്തിവാദികളുടെ സദാചാര സങ്കൽപ പ്രകാരം തെറ്റല്ലെന്ന് വ്യക്തമായിട്ടും ഇന്ത്യൻ യുക്തിവാദി നേതാവ് ജോസഫ് ഇടമുറക് തന്റെ പുത്രിയുടെ കാര്യത്തിൽ ഈ നയം സ്വീകരിക്കാൻ തയ്യാറായില്ലെന്ന് മകളുടെ ഭർത്താവായ യോരാൻ സ്കോർണർ പരിതപിക്കുന്നുണ്ട്. അതെ കേരളത്തിലും ജെന്റർ

ന്യൂട്രൽ യൂണിഫോം കാമ്പസുകളിൽ നടപ്പാക്കാൻ ധൃതി കാണിക്കുന്ന മാർക്സിസ്റ്റ് സൈദ്ധാന്തികൾ തങ്ങളുടെ കുടുംബത്തിന്റെയും മക്കളുടെയും കാര്യത്തിൽ ഇടമുറകിന്റെ പാതയാണ് സ്വീകരിക്കുന്നത്. മലയാളി പ്രബുദ്ധതയെ പരിഹസിച്ചുകൊണ്ട് സ്ത്രീപുരുഷ സമത്വത്തിനായി ജെന്റർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കാനുള്ള ബാലുശ്ശേരി സ്കൂളിന്റെ തീരുമാനത്തോട് ഐക്യപ്പെട്ട് കേരള ഉന്നത സമൂഹിക നീതി മന്ത്രി ആർ. ബിന്ദു അവരുടെ ട്വിറ്ററിൽ കുറിച്ചിട്ടതിങ്ങനെയാണ്:

''സമത്വവും സംവേദനക്ഷമതയുംകൊണ്ട് നിർവചിക്കപ്പെട്ട ഒരു നവകേരളം സൃഷ്ടിക്കുന്നതിന്റ പ്രവർത്തനങ്ങളിലാണ് ഞങ്ങൾ. ഇത് നേടുന്നതിനായി ആദ്യമായി സമൂഹത്തിന്റെ എതിർവർഗ ലൈംഗിക സ്വാഭാവികതാബോധത്തിന്റെ പ്രതീക്ഷകളുടെ ഭാരത്താൽ തടസ്സപ്പെടാത്ത ഒരു സ്വതന്ത്ര അന്തരീക്ഷത്തിൽ നമ്മുടെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രവേശനമാർഗം തുറന്ന് കൊടുക്കണം.''

മാനവ സദാചാര വിരുദ്ധ ആശയങ്ങളിൽ അഭിരമിക്കുന്ന യുക്തിവാദികളുടെ അജണ്ടകളേറ്റെടുക്കുന്ന വിധം മാക്സിസം ദുർബലമാണെന്ന് വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുന്നു. ഹെഗലിന്റെ തലതിരിഞ്ഞ വൈരുധ്യാത്മകവാദത്തെയും ഫോയർബാക്കിന്റെ ഭൗതികവാദത്തെയും മാർക്സും ഏംഗൽസും ഒരു ദർശനമായി രൂപപ്പെടുത്തിയതിന്റ പാരമ്പര്യം കാത്തുസൂക്ഷിക്കാനായിരിക്കും കേരള സർക്കാർ ജെന്റർ രാഷ്ട്രീയത്തിന് അടിയറവ് പറയുന്നത്. സ്വവർഗരതിയും ഉദാര ലൈംഗികതയും അധികാര ദണ്ഡുപയോഗിച്ച് സമൂഹത്തിലടിച്ചേൽപിച്ച് പവിത്രമായ കുടുംബ ബന്ധവും മാനുഷിക ബന്ധങ്ങളും സംസ്കാരവും സദാചാരവും തകർത്തെറിയാനുള്ള കുൽസിത ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

അതിനായി ജനാധിപത്യ ഭരണത്തിലെ പൊതു സംരംഭങ്ങളെ ദുരുപയോഗം ചെയ്യുന്ന രാഷ്ട്രീയ ഹിജഡകളെ തിരിച്ചറിയാൻ സമൂഹത്തിനാകണം. കുടുംബശ്രീ ജെന്റർ ക്ലബ്ബ് രൂപീകരിക്കണമെന്ന സർക്കുലറിനോട് നിസ്സംഗരാകുന്ന പൊതുബോധത്തെയാണ് നാം ഉണർത്തേണ്ടത്. ക്രിയാത്മക ചർച്ചകളിലൂടെ ഈ ദുരാചാരത്തിനെതിരെ സമൂഹത്തിൽ ബോധവൽകരണം നടത്തി ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കേണ്ടിയിരിക്കുന്നു.

### അധഃപതനത്തിന്റ വിദ്യാർഥി സംഘടനാ രൂപം

ലോക സൗന്ദര്യമൽസരത്തിൽ ഇന്ത്യക്കാരി ഒന്നാം സ്ഥാനം നേടിയപ്പോൾ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഇന്ത്യയെ സൗന്ദര്യവർധക വസ്തുക്കളുടെ മാർക്കറ്റായി കണ്ടുകൊണ്ടുള്ള സാമ്രാജ്യത്വ അജണ്ടയുടെ ഭാഗമാണിതെന്ന ഇടതുപക്ഷ ചിന്തകരുടെ ആക്ഷേപം മലയാളികൾ മറന്നുകാണില്ല. സാമ്രാജ്യത്വവും മുതലാളിത്തവും മാർക്സിസത്തിന്റെ ശത്രുക്കളായിരുന്നിട്ടും അവർ വിരിച്ച കെണികളിൽ തലവെച്ച് കൊടുക്കാൻ മാത്രം ദാർശനിക ദാരിദ്ര്യം നേരിടുന്നുവെന്നതിന്റ തെളിവാണ് മാർക്സിസ്റ്റ് വിദ്യാർഥി സംഘടനയുടെ സമ്മേളന സന്ദേശ ബോർഡുകൾ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും നാനോ ടെക്നോളജിയുടെ

**മാനവ സദാചാര വിരുദ്ധ ആശയങ്ങളിൽ അഭിരമിക്കുന്ന യുക്തിവാദികളുടെ അജണ്ടകളേറ്റെടുക്കുന്ന വിധം മാക്സിസം ദുർബലമാണെന്ന് വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുന്നു. ഹെഗലിന്റെ തലതിരിഞ്ഞ വൈരുധ്യാത്മകവാദത്തെയും ഫോയർ ബാക്കിന്റെ ഭൗതികവാദത്തെയും മാർക്സും ഏംഗൽസും ഒരു ദർശനമായി രൂപപ്പെടുത്തിയതിന്റ പാരമ്പര്യം കാത്തുസൂക്ഷിക്കാനായിരിക്കും കേരള സർക്കാർ ജെന്റർ രാഷ്ട്രീയത്തിന് അടിയറവ് പറയുന്നത്. സ്വവർഗരതിയും ഉദാര ലൈംഗികതയും അധികാര ദണ്ഡുപയോഗിച്ച് സമൂഹത്തിലടിച്ചേൽപിച്ച് പവിത്രമായ കുടുംബ ബന്ധവും മാനുഷിക ബന്ധങ്ങളും സംസ്കാരവും സദാചാരവും തകർത്തെറിയാനുള്ള കുൽസിത ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.**



യും ഈ കാലത്തും വിദ്യാർഥികളുടെ ബൗദ്ധിക വികാസത്തിന് പഠനാർഹവും ചിന്തനീയവുമായ പാഠങ്ങൾ പകർന്നുനൽകുന്നതിന് പകരം ഇക്കിളിപ്പെടുത്തി വൈകാരികതയിൽ തളച്ചിടാനുള്ള തന്ത്രം മുതലാളിത്തത്തിൽനിന്ന് വിപ്ലവ വിദ്യാർഥിത്വം കടമെടുത്തിരിക്കുകയാണ്.

വിദ്യാഭ്യാസ അവകാശങ്ങൾക്കും ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കുമായി നിലകൊണ്ട ചരിത്രം പറയുന്നവർ, ഇറ്റലിയിലെയും ജർമനിയിലേയും സമഗ്രാധിപത്യ ഭരണകൂടത്തിനെതിരെ നിലകൊണ്ടവർ, ഫാസിസ്റ്റ് ഭരണകൂടത്തിന്നെതിരെ പ്രതിരോധം തീർത്തവർ, ടിയാനെൻമെൻ സ്ക്വയർ പ്രക്ഷോഭങ്ങളിൽ മുന്നിൽ നിന്നവർ, അമേരിക്കയിൽ നടന്ന 'ബ്ലാക്ക് ലൈവ്സ് മാറ്റർ,' 'ഐ കാൺട് ബ്രീത്ത്' പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയവരെന്ന നിലയിൽ അഭിമാനിതരാകുമ്പോഴും വിദ്യാർഥി

വിദ്യാഭ്യാസ അവകാശങ്ങൾക്കും ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കുമായി നിലകൊണ്ട ചരിത്രം പറയുന്നവർ, ഇറ്റലിയിലെയും ജർമനിയിലേയും സമഗ്രാധിപത്യ ഭരണകൂടത്തിനെതിരെ നിലകൊണ്ടവർ, ഫാസിസ്റ്റ് ഭരണകൂടത്തിന്നെതിരെ പ്രതിരോധം തീർത്തവർ, ടിയാനെൻമെൻ സ്ക്വയർ പ്രക്ഷോഭങ്ങളിൽ മുന്നിൽ നിന്നവർ, അമേരിക്കയിൽ നടന്ന 'ബ്ലാക്ക് ലൈവ്സ് മാറ്റർ,' 'ഐ കാൺട് ബ്രീത്ത്' പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയവരെന്ന നിലയിൽ അഭിമാനിതരാകുമ്പോഴും വിദ്യാർഥി വിപ്ലവവീര്യത്തെ കേവലം ലൈംഗിക ആസ്വാദനങ്ങളിൽ തളച്ചിടാനുള്ള സാമ്രാജ്യത്വ ശ്രമം കമ്യൂണിസ്റ്റ് വിദ്യാർഥികളിലൂടെ സാധ്യമായിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്.

വിപ്ലവ വീര്യത്തെ കേവലം ലൈംഗിക ആസ്വാദനങ്ങളിൽ തളച്ചിടാനുള്ള സാമ്രാജ്യത്വ ശ്രമം കമ്യൂണിസ്റ്റ് വിദ്യാർഥികളിലൂടെ സാധ്യമായിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. പാശ്ചാത്യർ വലിച്ചെറിഞ്ഞ സാംസ്കാരിക മാലിന്യത്തെ പേറി അധഃപതനത്തിന്റെ അഗാധഗർത്തങ്ങളിൽ അനന്തശയനത്തിന് വിധിക്കപ്പെട്ടവരായി ചുവപ്പൻ വിദ്യാർഥി പ്രസ്ഥാനം മാറിക്കൊണ്ടിരിക്കയാണെന്ന് പറയാതിരിക്കാൻ വയ്യ. ■



# വിരലടയാളവും വിരൽത്തുമ്പിന്റെ മറ്റു പ്രത്യേകതകളും

ഡോ. ജൗസൽ സി.പി

''മനുഷ്യൻ വിചാരിക്കുന്നുണ്ടോ;
നാം അവന്റെ എല്ലുകളെ
ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതെ,
നാം അവന്റെ വിരൽത്തുമ്പുകളെ പോലും
ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ''
(ക്വുർആൻ 75:3-4).

മനുഷ്യരെ പുനർജീവിപ്പിക്കാൻ അല്ലാഹുവിന് യാതൊരുവിധ പ്രയാസവുമില്ല. ജീവിച്ചിരിക്കുമ്പോൾ ഉണ്ടായിരുന്ന അതേ രൂപത്തിൽ മനുഷ്യന്റെ വിരൽത്തുമ്പുകൾ പോലും കൃത്യമായി പരലോകത്ത് പുനർനിർമിക്കപ്പെടും. നശിച്ചുപോയ എല്ലുകൾവരെ പുനഃസൃഷ്ടിച്ച് മനുഷ്യനെ സൃഷ്ടിക്കുമെന്ന് പറഞ്ഞതിന് ശേഷം പ്രത്യേകമായി വിരൽത്തുമ്പുകൾ പോലും കൃത്യമായി സൃഷ്ടിക്കും എന്ന് അല്ലാഹു എടുത്തുപറഞ്ഞത് ശ്രദ്ധിക്കുക.

ലോകത്ത് ഇതുവരെ ജീവിച്ചു മരിച്ചുപോയ കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരുടെയും വിരൽത്തുമ്പുകൾ വ്യത്യസ്തമാണ് എന്ന കാര്യം ഇന്ന് പ്രത്യേകിച്ച് ആരെയും പുതുതായി പഠിപ്പിക്കേണ്ടതില്ല. സ്മാർട്ട്ഫോണുകൾ ഫിംഗർ പ്രിന്റ് വെച്ച് തുറക്കുന്ന കാലത്താണല്ലോ നാം ജീവിക്കുന്നത്.

മാതാവിന്റെ വയറ്റിലുള്ള ശിശുവിനു മൂന്നു മാസം പ്രായമെത്തുന്നതോടെ വിരലുകൾ രൂപം കൊള്ളുന്നു. അതോടൊപ്പം അവയിൽ അടയാളങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. പിന്നെ മരണംവരെയും അതിനു യാതൊരു മാറ്റവും ഉണ്ടാവുകയില്ല. കാണാൻ ഒരുപോലെയുള്ള ഇരട്ടകളുടെ പോലും വിരലടയാളങ്ങൾ വ്യത്യസ്തമായിരിക്കും. മരിച്ചുകഴിഞ്ഞാലും തൊലി നശിക്കുംവരെ അടയാളം മായുകയില്ല. അതുനോക്കി ആളുകളെ തിരിച്ചറിയുകയും ചെയ്യാം. ശസ്ത്രക്രിയയിലൂടെ വിരലടയാളം മായ്ച്ചുകളയാൻ പറ്റില്ല. കാരണം അവയ്ക്ക് എത്ര തേയ്മാനം വന്നാലും ശരീരം അതു നേരേയാക്കും!

പുരാതന ബാബിലോണിയൻ, ഈജിപ്ഷ്യൻ, ചൈനീസ്, ഗ്രീക്ക് ചരിത്രാവശിഷ്ടങ്ങളിൽ പലതിലും പല ഫിംഗർ പ്രിന്റുകളും കണ്ടെടുത്തിട്ടുണ്ടെങ്കിലും എല്ലാ മനുഷ്യർക്കും വ്യത്യസ്ത തരത്തിലുള്ള വിരലടയാളങ്ങളാണ് ഉള്ളതെന്ന വിവരം അന്നത്തെ ആളുകൾക്ക് ഉണ്ടായിരുന്നു എന്ന് പറയാൻ യാതൊരു തെളിവും കാണുന്നില്ല. എഴുതപ്പെട്ട ചരിത്രത്തിലൊന്നും അത്തരം കാര്യങ്ങൾ പ്രാചീന കാലത്ത് ആളുകൾ മനസ്സിലാക്കിവന്നതായി രേഖപ്പെടുത്തിയിട്ടില്ല.

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ച റഷീദുദ്ദീൻ ഹമദാനി എന്ന ഭിഷഗ്വരൻ അദ്ദേഹത്തിന്റെ 'ജാമി ഉത്തവാരിഖ്' എന്ന ഗ്രന്ഥത്തിൽ 'അനുഭവങ്ങൾ സൂചിപ്പിക്കുന്നത് രണ്ട് ആളുകൾക്ക് ഒരേതരത്തിലുള്ള വിരലടയാളങ്ങൾ ഉണ്ടാവാൻ സാധ്യതയില്ല എന്നാണ്' എന്ന് രേഖപ്പെടുത്തിയത് കാണാം. പതിനേഴാം നൂറ്റാണ്ടിലും പതിനെട്ടാം നൂറ്റാണ്ടിലും യൂറോപ്പിലെ വിവിധ ശാസ്ത്രജ്ഞൻമാർ വിരലടയാളങ്ങളെപ്പറ്റി കൂടുതൽ പഠിച്ചിരുന്നതായും വ്യക്തികളുടെ വിരലടയാളങ്ങൾ വ്യത്യസ്തങ്ങളാണ് എന്ന് അഭിപ്രായപ്പെട്ടതായും കാണാം.

ബ്രിട്ടീഷ് ഇന്ത്യയിലെ ഹൂഗ്ലിയിലെ മുഖ്യന്യായാധിപനായിരുന്ന സർ വില്ല്യം ഹേർഷൽ ആണ് വിരലടയാളം ആദ്യമായി (1858) തെളിവിനായി ഉപയോഗിച്ചത്. പിന്നീട് സർ ഫ്രാൻസിസ് ഗാൾട്ടൻ (1888) വിരലടയാളം ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിൽ വിജയിച്ചു.1901 മുതൽ സർ എഡ്വേഡ് ഹെന്റി വികസിപ്പിച്ച രീതി ഉപയോഗിച്ച് സ്കോട്ട്ലാന്റ്യാഡ് കുറ്റവാളികളെ തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹം വിരലടയാളങ്ങളിലെ പാറ്റേണുകളെ പലതായി തരംതിരിച്ചിരുന്നു.

ലോകത്തുള്ള ഓരോ വ്യക്തിയുടെയും വിരലടയാളങ്ങൾ വ്യത്യസ്തമാണ് എന്ന കാര്യം ശാസ്ത്രലോകം കൃത്യമായി തിരിച്ചറിഞ്ഞിട്ടു രണ്ടു നൂറ്റാണ്ടുകൾ പോലും ആയിട്ടില്ല എന്ന് വ്യക്തം. 14 നൂറ്റാണ്ടുകൾക്കുമുമ്പ് അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആനിൽ, മനുഷ്യശരീരത്തിലെ നിസ്സാരമെന്ന്



കരുതാവുന്ന വിരൽത്തുമ്പ് പോലും കൃത്യമായി പുനഃസൃഷ്ടിക്കപ്പെടും എന്ന കാര്യം എന്തുകൊണ്ട് പ്രത്യേകമായി എടുത്തുപറഞ്ഞു എന്നതിൽ ചിന്തിക്കുന്നവർക്ക് തീർച്ചയായും ദൃഷ്ടാന്തമുണ്ട്. ഓരോ മനുഷ്യനെയും അവന്റെ വിരൽതുമ്പുകൾ പോലും വളരെ കൃത്യമായി പരലോകത്ത് അതുപോലെ പുനഃസൃഷ്ടിക്കും എന്ന ക്വുർആനിന്റെ പ്രസ്താവനയിൽ തന്നെ ഓരോ മനുഷ്യന്റെയും വിരലടയാളങ്ങൾ വ്യത്യസ്തങ്ങളാണ് എന്ന കൃത്യമായ സൂചനയുണ്ട്.

വിരൽത്തുമ്പുകളുടെ മറ്റൊരു വലിയ സവിശേഷത, നാം കൈവിരലുകൾ നിവർത്തിവെക്കുമ്പോൾ വിരലുകളുടെ വലുപ്പങ്ങൾക്ക് വ്യത്യാസമുണ്ട് എങ്കിലും വിരലുകൾ മടക്കുമ്പോൾ എല്ലാം ഒരേ നിരയിൽ വരുന്നു എന്നതാണ്. കൈയിലെ ജോയിന്റുകളുടെ ഈയൊരു സവിശേഷതകൊണ്ടാണ് നമുക്ക് ചെറിയ സാധനങ്ങൾ പോലും പിടിക്കുവാനും എഴുതുവാനും കൈകൊണ്ടുള്ള സൂക്ഷ്മമായ മറ്റു പണികളൊക്കെ ചെയ്യുവാനും കഴിയുന്നത്. അത്യന്തം അത്ഭുതകരമായ ഒരു ഡിസൈനാണ് ഇത് എന്നു നിസ്സംശയം പറയാം. കൈയിലെ വിരൽത്തുമ്പുകൾ അതേപടി പരലോകത്ത് സൃഷ്ടിക്കപ്പെടും എന്ന വചനം ഈ സൃഷ്ടി മാഹാത്മ്യം കൂടി ഓർമപ്പെടുത്തുന്നു. ക്വുർആൻ മനുഷ്യവചനങ്ങളല്ല, നമ്മെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വചനങ്ങളാണ് എന്ന് കൃത്യമായി ബോധ്യപ്പെടുത്തുന്ന ഒട്ടനേകം തെളിവുകളിൽ ഒന്നു മാത്രമാണ് ഇതും.



പുനർവായന

# മതം മനുഷ്യനന്മക്ക്

കെ. ഉമർ മൗലവി

‘ദീൻ’ എന്ന പദത്തിന് ‘നിയമം,’ ‘പ്രതിഫലം’ എന്നൊക്കെ ഭാഷാർഥങ്ങൾ ഉണ്ട്. എന്നാൽ സാങ്കേതികാർഥത്തിൽ ‘മതം’ എന്നുതന്നെയാണ് പറയുന്നത്. മരണശേഷം മനുഷ്യൻ രക്ഷയും മോക്ഷവും ശാശ്വതമായിരിക്കേണ്ടതിന് ആവശ്യമായ മാർഗനിർദേശങ്ങളുടെ ആകെത്തുകയാണ് മതം. ഇതേക്കുറിച്ച് ഒട്ടേറെ സങ്കൽപങ്ങളും ധാരണകളുമുണ്ട്. യാഥാർഥ്യം ഒന്നേയുള്ളൂ. അതാണ് ഇസ്‌ലാം. ഈ പദത്തിന് ‘സമാധാനം,’ ‘അനുസരണം’ തുടങ്ങിയ ഭാഷാർഥങ്ങൾ ഉണ്ടെങ്കിലും ‘അർപ്പണം’ എന്ന അർഥമാണ് ഏറ്റവും യോജ്യമായിട്ടുള്ളത്.

ഇസ്‌ലാം എന്നാൽ അർപ്പണം എന്നാകുന്നു. അപ്പോൾ ഇസ്‌ലാം ദീൻ എന്നതിന് അർപ്പണത്തിന്റെ മതം എന്നായി. മറ്റേതൊരു മതവും അതുത്ഭവിച്ച സമുദായത്തിന്റെ പേരിലോ അതിന്റെ സ്ഥാപകന്റെയോ പ്രബോധകന്റെയോ പേരിലോ ആണ് അറിയപ്പെടുന്നത്. ക്രിസ്തുമതം, ബുദ്ധമതം എന്നിവ പോലെ. എന്നാൽ ഇസ്‌ലാം മതം അങ്ങനെയല്ല. അതിൽ ഏതെങ്കിലുമൊരു സമുദായത്തിന്റെയോ ഒരു പ്രവാചകന്റെയോ പരാമർശമില്ല. കാരണം എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തതാണത്. മനുഷ്യവർഗത്തിനാകമാനം സ്വീകാര്യമായിട്ടുള്ളത്. അതിനാൽ യാതൊരു പ്രത്യേക ബന്ധവും സൂചിപ്പിക്കാതെ ഇസ്‌ലാം മതമെന്ന പൊതുവായ നാമം അല്ലാഹു നൽകിയിരിക്കുകയാണ്.

അർപ്പണത്തിന്റെ മതമെന്നു നാം അർഥം പറഞ്ഞല്ലോ. എന്താണ് അർപ്പിക്കേണ്ടത്? ആർക്കാണ് അർപ്പിക്കേണ്ടത്? മനുഷ്യർക്ക് നേർവഴി കാണിച്ചുകൊടുക്കുവാനായി അല്ലാഹു അവതരിപ്പിച്ച വേദങ്ങളിൽവെച്ച് യാതൊരു വ്യത്യാസവും വരാതെ സുരക്ഷിതമായി നിലകൊള്ളുന്ന പരിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

“നിശ്ചയമായും അല്ലാഹു സത്യവിശ്വാസികളിൽനിന്ന് അവരുടെ ആത്മാക്കളെയും അവരുടെ മുതലുകളെയും വിലയ്ക്കെടുത്തിരിക്കുന്നു; അവർക്ക് സ്വർഗമുണ്ട് എന്നുള്ളതിന് പകരമായി” (തൗബ 111).

**ഔദാര്യപൂർവം അല്ലാഹു അനുവദിച്ചുതന്നു എന്നുള്ള ഉപകാരസ്മരണയോടുകൂടി സ്വന്തം ആവശ്യത്തിന് ചെലവഴിക്കുമ്പോൾ അതു സംബന്ധിച്ച് അല്ലാഹുവിന് നന്ദിപറയൽ സ്വാഭാവികമായി വന്നുകൂടുന്നതാണ്. ഇത് മുസ്‌ലിമിന്റെ ചിട്ടയുമാണ്. അഗതികൾക്ക് ധർമം കൊടുക്കുവാനും മനുഷ്യർക്ക് ഉപകാരപ്രദമായ മാർഗങ്ങളിൽ ചെലവഴിക്കുവാനും അല്ലാഹു കൽപിച്ചിരിക്കുന്നു. ഇതിലൊക്കെയും അല്ലാഹുവിന്റെ തൃപ്തിയെ മാത്രമാണ് ഉന്നമാക്കേണ്ടത്. സൽക്കീർത്തി ആഗ്രഹിച്ചുകൊണ്ടോ പ്രത്യുപകാരം കാംക്ഷിച്ചുകൊണ്ടോ ആയിപ്പോകരുത്. ധർമം വാങ്ങിയവന്റെ നേരെ മേന്മനടിക്കുകയോ അതെടുത്തു പറഞ്ഞ് അവനെ ക്ലേശിപ്പിക്കുകയോ അരുത്. തന്റെ കടമ നിറവേറ്റിയതായി മാത്രമെ കണക്കാക്കാൻ പാടുള്ളൂ. ധനത്തിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിന്ന് അർപ്പിക്കുകയും അല്ലാഹുവിന്റെ നിർദേശപ്രകാരം അത് കൈകാര്യം ചെയ്യുകയും ചെയ്താൽ ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ലഭിക്കുന്നതാകുന്നു.**



അതായത്, സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹു ഒരു കച്ചവടം നടത്തിയിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. ചരക്ക് ആത്മാവും ധനവുമാണ്. നിശ്ചയിച്ചിരിക്കുന്നത് പരലോകത്ത് സ്വർഗവുമാണ്. ഇപ്പോൾ രണ്ടു ചോദ്യങ്ങൾക്കും ഉത്തരം കിട്ടി. വില അർപ്പിക്കേണ്ട വസ്തു ആത്മാവും ധനവും അർപ്പിക്കേണ്ടത് അല്ലാഹുവിന്ന്. ഇതാണ് ഇസ്‌ലാം. ഈ കച്ചവടം തൃപ്തിപ്പെട്ട് അംഗീകരിച്ചവനാണ് മുസ്‌ലിം. വിസമ്മതിച്ചവൻ മുസ്‌ലിമല്ല. ഈ ആശയം പരിശുദ്ധ വേദഗ്രന്ഥത്തിൽ വിവിധ വാചകങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ആത്മാവിനെ സംബന്ധിച്ച് പറഞ്ഞ ഒരു ഉദാഹരണം കാണുക:

‘‘അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് ആത്മാവിനെ വിൽക്കുന്നവരുണ്ട് മനുഷ്യരുടെ കൂട്ടത്തിൽ. അല്ലാഹു അടിമകളോടു വളരെ വാത്സല്യമുള്ളവനാകുന്നു’’ (അൽബക്വറ 207).

മുസ്‌ലിമിനെ പറ്റിയാണ് ഈ വചനത്തിൽ പറയുന്നത്. ആത്മവ്യാപാരമെന്ന് പറയുമ്പോൾ ശരീരത്തിന് യാതൊരു ബന്ധവും ഇല്ലാത്തതും ആത്മാവിനെ മാത്രം ബാധിക്കുന്നതുമായ കാര്യമാണെന്ന് ധരിക്കരുത്. ആത്മഹത്യ എന്നും ആത്മപ്രശംസ എന്നുമൊക്കെ പറയുന്നതുപോലെയാണിത്. ഈ വ്യാപാരം ഒരുവൻ അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ ആവശ്യമായിട്ടുള്ളതെന്തെന്നാൽ, തന്റെ ഉടമസ്ഥൻ അല്ലാഹുവാണെന്ന വിശ്വാസം ആദ്യമായി ഉൾക്കൊള്ളണം. ഉടമസ്ഥനായ അല്ലാഹുവിന്റെ അനുവാദമനുസരിച്ചല്ലാതെ തന്റെ ഇഷ്ടാനുസരണം യാതൊന്നും ചെയ്യുവാൻ ഒരുങ്ങരുത്.

കണ്ണ്, മൂക്ക്, ചെവി, കയ്യ്, കാല് തലച്ചോറ് മുതലായവയുടെയെല്ലാം ഉടമസ്ഥൻ അല്ലാഹുതന്നെയാണെന്നുള്ളതിനാൽ അല്ലാഹുവിന്റെ അനുവാദമില്ലാതെ വല്ലതും നോക്കുകയോ കേൾക്കുകയോ സംസാരിക്കുകയോ നടക്കുകയോ ഇരിക്കുകയോ ചിന്തിക്കുകയോ ഒന്നും അരുത്. ഏതു വിഷയത്തിലും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടേ ഇടപെടാവൂ. ഈ സൂക്ഷ്മത എല്ലായ്പ്പോഴും പാലിക്കണം. ആത്മാർപ്പണത്തിന്റെ പ്രതികരണമാണത്. ഇതിൽ വല്ല വ്യത്യാസവും വന്നുപോയാൽ, ഉദാഹരണം: തനിക്കിഷ്ടമുള്ളതെല്ലാം സംസാരിക്കാൻ തനിക്ക് സ്വാതന്ത്ര്യമുണ്ട്, യാതൊരു നിയമവ്യവസ്ഥയും പരിഗണിക്കേണ്ടതില്ല എന്ന് ഒരാൾ വിചാരിക്കുന്നപക്ഷം ഉടമസ്ഥന്റെ സമ്മതം കൂടാതെ അനധികൃതമായി, അക്രമമായി കടന്നു പ്രവർത്തിച്ചു എന്നുവന്നു. അപ്പോൾ കച്ചവടം പിൻവലിച്ചുവെന്നർഥമായിത്തീരും. ചുരുക്കത്തിൽ സംസാരം, നോട്ടം, കേൾവി, ഭക്ഷണപാനീയങ്ങൾ, ലൈംഗിക വിഷയങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ അനുവാദവും തൃപ്തിയും അനുസരിച്ചല്ലാതെ മുസ്‌ലിമിനു യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല.

ആത്മാർപ്പണത്തെ സംബന്ധിച്ച് പറഞ്ഞ മറ്റൊരു വേദവാക്യം: ''പറയുക; നിശ്ചയമായും എന്റെ പ്രാർഥനയും എന്റെ ബലിയും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനു വേണ്ടിയാകുന്നു'' (അൽആം 112).

എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനുവേണ്ടി ഞാൻ ജീവിക്കുന്നുവെന്ന് വെച്ചാൽ എന്റെ ജീവിതത്തിൽ എനിക്ക് എന്തെങ്കിലും സാധിക്കണമെന്നുള്ള യാതൊരു ഉദ്ദേശ്യവും എന്റെ ഇഷ്ടപ്രകാരം ഞാൻ കൈക്കൊണ്ടിട്ടില്ല. അല്ലാഹു എന്നിൽനിന്ന് എന്താണോ തൃപ്തിപ്പെടുന്നത് അതാണ് എന്റെ ആവശ്യം. അതെത്ര പ്രയാസപ്പെട്ടതായാലും തരക്കേടില്ല, അതിനുവേണ്ടി എന്ത് കഷ്ടവും നഷ്ടവും സഹിച്ചു ത്യാഗം ചെയ്യുവാൻ ഞാനൊരുക്കമാണ്. അല്ലാഹു വെറുക്കുന്ന ഒരു കാര്യത്തിൽ എനിക്കെത്ര ആവശ്യവും ആശയും തോന്നിയാലും അല്ലാഹു വെറുക്കുന്നു എന്ന ഏക കാരണത്താൽ ഞാനത് വർജിക്കുന്നതാകുന്നു. അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്ന മാർഗത്തിൽ മരണത്തെ ഞാൻ സ്വാഗതം ചെയ്യുന്നതാകുന്നു. അല്ലാഹുവിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നതിന്റെ സാരമാണിത്. വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായ രാഷ്ട്രീയമായും രാഷ്ട്രാന്തരീയമായും മറ്റുമുള്ള എല്ലാ കാര്യങ്ങളിലും ഈ നിലപാട് കൈകൊള്ളേണ്ടതാകുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള സ്വകാര്യബന്ധത്തെ മാത്രം പരാമർശിക്കുന്ന ഒന്നാണ് മതമെന്നൊരു ധാരണ ചിലർക്കുണ്ട്. ഇസ്‌ലാം മതത്തെ സംബന്ധിച്ചിടത്തോളം അതൊരിക്കലും ശരിയല്ല.

മേൽ ഉദ്ധരിച്ച വേദവാക്യത്തിൽ എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിന് വേണ്ടി എന്നു പറഞ്ഞേടത്ത് അല്ലാഹുവിനെ സംബന്ധിച്ച് ഒരു വിശേഷണം പറഞ്ഞിട്ടുണ്ട്. 'ലോകരക്ഷിതാവായ' എന്ന്. അത് വളരെ അർഥഗർഭവും കാര്യമാത്ര പ്രസക്തവുമായ പ്രയോഗമാകുന്നു. ഞാൻ അാഹുവിന് വേണ്ടി ജീവിക്കുന്നുവെന്ന് പറയുമ്പോൾ അല്ലാഹുവിന്നു വല്ല നേട്ടവും ഉണ്ടാക്കിക്കൊടുക്കുവാൻ എന്നു തോന്നി പോയേക്കാവുന്നതാണ്. എന്നാൽ അങ്ങനെയൊന്ന് ഇവിടെയില്ല. അല്ലാഹുവിന് വല്ല പോരായ്മയുണ്ടെങ്കിലല്ലേ അത് നികത്തിക്കൊടുക്കേണ്ട പ്രശ്നം വരുന്നുള്ളൂ. അല്ലാഹു എല്ലാം തികഞ്ഞവനാകുന്നു. എല്ലാവരും അവനോട് തികഞ്ഞ അച്ചടക്കം പാലിച്ചാൽ അല്ലാഹുവിന് യാതൊരു നേട്ടവുമില്ല. എല്ലാവരും അവനോട് ധിക്കാരം കാണിച്ചാൽ അല്ലാഹുവിന്റെ മഹത്ത്വത്തിന് യാതൊരു കോട്ടവും ഇല്ല. നേട്ടവും കോട്ടവുമൊക്കെ നമുക്കുതന്നെയാകുന്നു. ലോകരക്ഷിതാവായ അല്ലാഹുവിനു വേണ്ടി ജീവിക്കുന്നു എന്നു പറയുമ്പോൾ മേൽസൂചിപ്പിച്ച തെറ്റിദ്ധാരണ ഒഴിവാകും. അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി ലോകത്ത് കഴിവിൽ പെട്ടിടത്തോളം നന്മ വരുത്തുക, അഥവാ എല്ലാവർക്കും കഴിയുന്ന ഗുണം ചെ യ്തുകൊടുക്കുക എന്ന അർഥമാകും. അല്ലാഹുവിന്റെ സൃഷ്ടികൾക്ക് കഴിവിൽ പെട്ട എല്ലാ ഗുണങ്ങളും ചെയ്തു കൊടുക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണെന്ന് വരും. ആരെയും അന്യായമായും അകാരണമായും ദ്രോഹിക്കുവാൻ ഒരിക്കലും പാടില്ല. ഇസ്‌ലാം മതത്തിന്റെ അന്ത്യപ്രവാചകൻ ഈ വിഷയം വളരെ വിശദമായി നമ്മെ പഠിപ്പിച്ചിരിക്കുന്നു. എല്ലാ പ്രവാചകൻമാരും ഇതുപോലെ പഠിപ്പിച്ചവർ തന്നെയാണ്.

ഒരു നബിവചനം ശ്രദ്ധിക്കുക: ''ഒരു പെണ്ണ് ഒരു പൂച്ച കാരണത്താൽ നരകത്തിൽ കടന്നു. അവൾ അതിനെ ബന്ധിച്ചു. എന്നിട്ട് അതിന് ഭക്ഷണം കൊടുത്തില്ല. ഭൂമിയിലെ പ്രാണികളെ പിടിച്ചു തിന്നാൻ തക്കനിലയിൽ അതിനെ വിട്ടയച്ചതുമില്ല.'' അതായത്, പൂച്ച വീട്ടിനകത്തും അടുക്കളയിലും വലിയ ശല്യമുണ്ടാക്കുന്ന ജീവിയാണ്. ശല്യം ഒഴിവാക്കാനായി അതിനെ കൂട്ടിലിടുകയോ കെട്ടിയിടുകയോ ചെയ്യേണ്ടിവന്നാൽ അതിനു വിരോധമില്ല. പക്ഷേ, അല്ലാഹു നിങ്ങൾക്കു നൽകിയ ഭക്ഷണം നിങ്ങൾ തിന്നുകയും തീറ്റുകയും ചെയ്യുമ്പോൾ ആ പൂച്ചക്കും വിശപ്പടക്കാൻ കൊടുക്കണം. അതിന് സൗകര്യപെടാത്ത പക്ഷം അതിനെ വിട്ടയക്കുക. ചുറ്റിനടന്ന് വല്ലതും പെറുക്കിത്തിന്നുകൊള്ളട്ടെ. ഇങ്ങനെയൊന്നും ചെയ്യാതെ അതിനെ ബന്ധിച്ച് കഷ്ടപ്പെടുത്തുന്ന പക്ഷം നിങ്ങൾ നരകശിക്ഷ അനുഭവിക്കേണ്ടിവരുന്നതാകുന്നു. പ്രവാചക വചനത്തിൽ പെണ്ണിനെ ആസ്പദമാക്കിയാണ് പറഞ്ഞിട്ടുള്ളത്. എങ്കിലും നിയമം എല്ലാവർക്കും ബാധകമാണ്. അല്ലാഹുവിന്റെ നിയമ നടപടികളിൽ പക്ഷഭേദമില്ല. കുറ്റമായ സംഗതി ആരു ചെയ്താലും കുറ്റമാണ്. ഒരു പൂച്ചയെ ദ്രോഹിച്ചതിന്റെ കെടുതിയാണ് നാമിവിടെ കണ്ടത്.

ഇനി ഇതിന്റെ മറുവശം കൂടി കാണുക. പ്രവാചകൻ പറഞ്ഞു: ''ഒരു നായ കിണറിനുചുറ്റും നടന്നുകൊണ്ടിരിക്കെ ഇസ്രാഈൽ കുടുംബത്തിൽ പെട്ട ഒരു വേശ്യാസ്ത്രീ അതു കണ്ടു. നായ ദാഹിച്ചുവലഞ്ഞിരിക്കുകയാണെന്നവൾ മനസ്സിലാക്കി. അതിനു ദാഹശമനം വരുത്തിക്കൊടുക്കുന്നതിൽ അല്ലാഹുവിന്റെ തൃപ്തിയെ അവൾ കാംക്ഷിച്ചു. അവൾ ഷൂ ഊരി അതിൽ വെള്ളം കോരി നായയെ കുടിപ്പിച്ചു. തന്നിമിത്തം അവൾക്ക് പൊറുത്തുകൊടുത്തു.''

നോക്കുക! ദുർവൃത്തികളിൽ വെച്ച് ഏറ്റവും നീചമായ മഹാപാപം നിത്യത്തൊഴിലാക്കിയിരുന്ന

ഒരാൾക്ക് പാപമോചനം ലഭിച്ചത് നായക്ക് വെള്ളം കോരിക്കൊടുത്തതിന്റെ ഫലമായിട്ടാണെന്നു കാണുന്നു. ഇത്ര വലിയ ഗുണം ഇതിനുണ്ടോ? തീർച്ചയായും ഉണ്ടെന്നാണ് ലോകത്തിന് കാരുണ്യമായി നിയോഗിക്കപ്പെട്ട അന്ത്യപ്രവാചകൻ പഠിപ്പിച്ചിരിക്കുന്നത്. കാരണം വ്യക്തമാണ്. മുസ്‌ലിം അല്ലാഹുവിനു വേണ്ടി ജീവിക്കുന്നു. അല്ലാഹു എല്ലാ സൃഷ്ടികളുടെയും യജമാനനാകുന്നു. അതിനാൽ എല്ലാ സൃഷ്ടികൾക്കും കഴിയുന്ന ഗുണം ചെയ്തുകൊടുക്കൽ മുസ്‌ലിമിന്റെ കടമയാകുന്നു. നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളുടെ ബന്ധുക്കളെയും ആശ്രിതരെയും സഹായിക്കുവാൻ ഉത്സാഹം തോന്നൽ സ്വാഭാവികമാണല്ലോ.

ഇസ്‌ലാമിന്റെ അന്ത്യപ്രവാചകന്റെ ഒരു തിരുവചനവും കൂടി കേൾക്കുക: ''അല്ലാഹുവിന്ന് ആത്മാർപ്പണം ചെയ്ത മുസ്‌ലിം വല്ലതും കൃഷി ചെയ്തുണ്ടാക്കിയാൽ അതിൽനിന്ന് തിന്നുപോകുന്നതൊക്കെയും അയാളുടെ വക ധർമമാകുന്നു. അതിൽനിന്ന് കളവുപോയാൽ അതും അയാളുടെ വക ധർമമാകുന്നു. അതിൽനിന്നു വല്ലതും മുറിച്ചെടുത്താൽ അതും അയാളുടെ വക ധർമമാകുന്നു. ഈ മൂന്ന് ഇനത്തിലും ധർമമായിട്ടല്ലാതെ ഒന്നുമില്ല.''

ഈ വചനത്തിന്റെ ഉള്ളടക്കം ഒരു ഉദാഹരണത്തിലൂടെ വിശദമാക്കാം. ഒരു മുസ്‌ലിം അതായത് അല്ലാഹുവിന്നുവേണ്ടി ആത്മാർപ്പണം ചെയ്തവൻ, ഒരു ചക്കക്കുരു പാകി. അത് മുളച്ചുപൊന്തി വളർന്നു പ്ലാവായി. അതിന്റെ ഇലകൾ ആട് തിന്നുന്നു. ചക്ക മനുഷ്യർ തിന്നുന്നു. ചക്കയുടെ മടൽ മൃഗം തിന്നുന്നു. മരത്തിൽ ചക്ക പഴുത്ത് പക്ഷികൾ കൊത്തിത്തിന്നുന്നു. ഇങ്ങനെ മനുഷ്യരും മൃഗങ്ങളും പറവകളും പലവിധത്തിൽ തിന്നുന്നതൊക്കെയും ആ ചക്കക്കുരു പാകിയവന്റെ വക ധർമമാകുന്നു. ആ പ്ലാവിൽനിന്ന് ഒരു ചക്ക മോഷണം പോയാൽ അതും അയാളുടെ വക ധർമമാകുന്നു. മോഷ്ടാവിന് കുറ്റമില്ലെന്നു ഇവിടെ ആരും അർഥമാക്കരുത്. ഓരോരുത്തർക്കും അവരവർ ചെയ്തതുണ്ടായിരിക്കും. മോഷ്ടാവിന്ന് മോഷണക്കുറ്റം. മുതൽ നഷ്ടപ്പെട്ടവന്നു നഷ്ടപരിഹാരം. ആ പ്ലാവിന്റെ അല്ലികളും കൊമ്പുകളുമെടുത്ത് തീ കത്തിച്ചാൽ അതും ആ വിത്ത് പാകിയവന്റെ വക ധർമമാകുന്നു. അവസാനം ആ മരം മുറിച്ച് പലകയും കഴുക്കോലും മറ്റുമായി ഈർന്ന് ഉപേയാഗപ്പെടുത്തിയാൽ അതും അയാളുടെ വക ധർമമാകുന്നു. നോക്കുക, പുണ്യം സമ്പാദിക്കുവാനുള്ള മാർഗം ഇസ്‌ലാമിൽ എത്ര എളുപ്പം. ഇതൊക്കെ ഇത്രത്തോളം വന്നതെന്തുകൊണ്ടെന്നാൽ മർമപ്രധാനമായ ഒരു തത്ത്വം നേരത്തെ അംഗീകരിച്ചിട്ടുണ്ട്. ലോകരക്ഷിതാവായ അല്ലാഹുവിന്നുവേണ്ടി ജീവിക്കുക, അഥവാ ആത്മാർപ്പണം ചെയ്യുക എന്ന തത്ത്വം. ഈ തത്ത്വത്തിൽ നിന്നുള്ള നീക്കങ്ങളും അതിന്റെ പ്രതികരണങ്ങളുമാണ് മുസ്‌ലിമിന്റെ സർവവും.

അല്ലാഹുവിന്ന് അർപ്പിക്കേണ്ട രണ്ടാമത്തെ വസ്തു ധനമാണെന്ന് നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. അതെങ്ങനെയെന്നാൽ, ധനം മാതാപിതാക്കളിൽനിന്നോ മറ്റോ അവകാശം കിട്ടിയതോ, കച്ചവടമോ കൃഷിയോ മുഖേന സമ്പാദിച്ചതോ, ന്യായമായ നിലയിൽ സംഭാവന ലഭിച്ചതോ ഏതായാലും ശരി, അതിന്റെ ഉടമസ്ഥത അല്ലാഹുവിന്ന് വിട്ടുകൊടുക്കുക, വ്യക്തികൾക്ക് അനുവദിക്കപ്പെട്ട ഉടമസ്ഥാവകാശം ഇഷ്ടം പോലെ എന്തും ചെയ്യാമെന്ന അർഥത്തിലല്ല. സമ്മതം കൂടാതെ മറ്റുള്ളവർക്ക് അതിൽ കയ്യിടുവാൻ അവകാശമില്ല എന്നും കൈവശക്കാരന് ക്രയവിക്രയം ചെയ്യാൻ അധികാരമുണ്ട് എന്നുമുള്ള അർഥത്തിലാണ്. അല്ലാഹുവിന്റെ സമ്മതത്തിന്നെതിരായി കൈകാര്യം ചെയ്യുവാൻ അധികാരമില്ല എന്ന ബോധം എപ്പോഴുമുണ്ടായിരിക്കണം. ഉടമസ്ഥാവകാശം അല്ലാഹുവിന്ന് വിട്ടുകൊടുത്താൽ പിന്നെ തനിക്ക് അത് തൊടാൻ പാടില്ലാതെ ആയിത്തീരുകയും തനിക്കും കുടുംബത്തിനും ജീവിതം മുട്ടിപ്പോവുകയും ചെയ്യുമെന്ന് ധരിക്കരുത്. ന്യായമായ നിലയിൽ ആവശ്യത്തിന് ചെലവാക്കിക്കൊള്ളുവാൻ അല്ലാഹു അനുവദിച്ചിരിക്കുന്നു, അഥവാ ആജ്ഞാപിച്ചിരിക്കുന്നു. ഔദാര്യപൂർവം അല്ലാഹു അനുവദിച്ചുതന്നു എന്നുള്ള ഉപകാര സ്മരണയോടുകൂടി സ്വന്തം ആവശ്യത്തിന് ചെലവഴിക്കുമ്പോൾ അതു സംബന്ധിച്ച് അല്ലാഹുവിന് നന്ദിപറയൽ സ്വാഭാവികമായി വന്നുകൂടുന്നതാണ്. ഇത് മുസ്‌ലിമിന്റെ ചിട്ടയുമാണ്. അഗതികൾക്ക് ധർമം കൊടുക്കുവാനും മനുഷ്യർക്ക് ഉപകാരപ്രദമായ മാർഗങ്ങളിൽ ചെലവഴിക്കുവാനും അല്ലാഹു കൽപിച്ചിരിക്കുന്നു. ഇതിലൊക്കെയും അല്ലാഹുവിന്റെ തൃപ്തിയെ മാത്രമാണ് ഉന്നമാക്കേണ്ടത്. സൽക്കീർത്തി ആഗ്രഹിച്ചുകൊണ്ടോ പ്രത്യുപകാരം കാംക്ഷിച്ചുകൊണ്ടോ ആയിപ്പോകരുത്. ധർമം വാങ്ങിയവന്റെ നേരെ മേന്മനടിക്കുകയോ അതെടുത്തു പറഞ്ഞ് അവനെ ക്ലേശിപ്പിക്കുകയോ അരുത്. തന്റെ കടമ നിറവേറ്റിയതായി മാത്രമെ കണക്കാക്കാൻ പാടുള്ളൂ. ധനത്തിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിന്ന് അർപ്പിക്കുകയും അല്ലാഹുവിന്റെ നിർദേശപ്രകാരം അത് കൈകാര്യം ചെയ്യുകയും ചെയ്താൽ ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ലഭിക്കുന്നതാകുന്നു. (സൽസബീൽ മാസിക, 1997 ജൂലായ്).

(അവസാനിച്ചില്ല) ■

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 50

# ക്വാഫ്

ق ۚ وَٱلْقُرْءَانِ ٱلْمَجِيدِ ١
بَلْ عَجِبُوٓا۟ أَن جَآءَهُم مُّنذِرٌ مِّنْهُمْ
فَقَالَ ٱلْكَٰفِرُونَ هَٰذَا شَىْءٌ عَجِيبٌ ٢
أَءِذَا مِتْنَا وَكُنَّا تُرَابًا ۖ ذَٰلِكَ رَجْعٌۢ بَعِيدٌ ٣
قَدْ عَلِمْنَا مَا تَنقُصُ ٱلْأَرْضُ مِنْهُمْ ۖ
وَعِندَنَا كِتَٰبٌ حَفِيظٌۢ ٤
بَلْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ
فَهُمْ فِىٓ أَمْرٍ مَّرِيجٍ ٥
أَفَلَمْ يَنظُرُوٓا۟ إِلَى ٱلسَّمَآءِ فَوْقَهُمْ
كَيْفَ بَنَيْنَٰهَا وَزَيَّنَّٰهَا
وَمَا لَهَا مِن فُرُوجٍ ٦
وَٱلْأَرْضَ مَدَدْنَٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ
وَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍۭ بَهِيجٍ ٧
تَبْصِرَةً وَذِكْرَىٰ لِكُلِّ عَبْدٍ مُّنِيبٍ ٨
وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَٰرَكًا
فَأَنۢبَتْنَا بِهِۦ جَنَّٰتٍ وَحَبَّ ٱلْحَصِيدِ ٩

1. ക്വാഫ്. മഹത്ത്വമേറിയ ക്വുർആൻ തന്നെയാണ് സത്യം.
2. എന്നാൽ അവരിൽനിന്നു തന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്ത് വന്നതിനാൽ അവർ ആശ്ചര്യപ്പെട്ടു. എന്നിട്ട് സത്യനിഷേധികൾ പറഞ്ഞു: ഇത് അത്ഭുതകരമായ കാര്യമാകുന്നു.
3. നാം മരിച്ച് മണ്ണായിക്കഴിഞ്ഞിട്ടോ (ഒരു പുനർജന്മം ?), അത് വിദൂരമായ ഒരു മടക്കമാകുന്നു.
4. അവരിൽനിന്ന് ഭൂമി ചുരുക്കിക്കൊണ്ടിരിക്കുന്നത് നാം അറിഞ്ഞിട്ടുണ്ട്; തീർച്ച. നമ്മുടെ അടുക്കൽ (വിവരങ്ങൾ) സൂക്ഷ്മമായി രേഖപ്പെടുത്തിയ ഒരു ഗ്രന്ഥവുമുണ്ട്.
5. എന്നാൽ സത്യം അവർക്കു വന്നെത്തിയപ്പോൾ അവർ അത് നിഷേധിച്ചുകളഞ്ഞു. അങ്ങനെ അവർ ഇളകിക്കൊണ്ടിരിക്കുന്ന (അനിശ്ചിതമായ) ഒരു നിലപാടിലാകുന്നു.
6. അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ; എങ്ങനെയാണ് നാം അതിനെ നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്? അതിന് വിടവുകളൊന്നുമില്ല.
7. ഭൂമിയാകട്ടെ; നാം അതിനെ വികസിപ്പിക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ നാം സ്ഥാപിക്കുകയും കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.
8. (സത്യത്തിലേക്ക്) മടങ്ങുന്ന ഏതൊരു ദാസന്നും കണ്ടുമനസ്സിലാക്കുവാനും അനുസ്മരിക്കുവാനും വേണ്ടി.
9. ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു.

10. അടുക്കടുക്കായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും.

11. (നമ്മുടെ) ദാസന്മാർക്ക് ഉപജീവനമായിട്ടുള്ളതത്രെ അവ. നിർജീവമായ നാടിനെ അതുമൂലം ജീവനുള്ളതാക്കുകയും ചെയ്തു. അപ്രകാരം തന്നെയാകുന്നു (ക്വബ്റുകളിൽനിന്നുള്ള) പുറപ്പാട്.

وَٱلنَّخۡلَ بَاسِقَٰتٖ لَّهَا طَلۡعٞ نَّضِيدٞ ١٠
رِّزۡقٗا لِّلۡعِبَادِۖ وَأَحۡيَيۡنَا بِهِۦ
بَلۡدَةٗ مَّيۡتٗاۚ كَذَٰلِكَ ٱلۡخُرُوجُ ١١

1. ക്വുർആൻകൊണ്ട് അല്ലാഹു സത്യം ചെയ്ത് പറയുന്നു. അതായത് അതിന്റെ ആശയവിശാലത, മഹത്ത്വം, വിഷയങ്ങളുടെ ആധിക്യം, വർധിച്ച അനുഗ്രഹങ്ങൾ, മഹത്തായ നന്മകൾ, അതിന്റെ സവിശേഷതകളും വൈപുല്യമഹത്ത്വം, മുൻകാലക്കാരുടെയും പിൽക്കാലക്കാരുടെയുമെല്ലാം വിജ്ഞാനങ്ങളെ അതുൾക്കൊള്ളുന്ന സാഹിത്യമെന്ന നിലയ്ക്ക് അതിന്റെ പൂർണത, പദങ്ങളുടെ മഹത്ത്വം, ആശയങ്ങളുടെ സമഗ്രതയും ഭംഗിയും എന്നിവകൊണ്ടെല്ലാം.

2. ഇതെല്ലാംതന്നെ അതിനെ പരിപൂർണമായി പിൻപറ്റാനും വേഗത്തിൽ അതിന് കീഴൊതുങ്ങാനും ഈ അനുഗ്രഹത്തിന് അല്ലാഹുവിന് നന്ദി ചെയ്യാനും പ്രേരിപ്പിക്കുന്നതാണ്. എന്നാൽ അധികമാളുകളും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ വില മനസ്സിലാക്കുന്നില്ല. അതാണ് അല്ലാഹു പറഞ്ഞത്: (എന്നാൽ അവർ ആശ്ചര്യപ്പെട്ടു). അതായത് പ്രവാചകനെ നിഷേധിക്കുന്നവർ. (അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്ത് വന്നതിനാൽ) അതായത് അവർക്ക് ദോഷകരമായത് വിരോധിച്ചും ഗുണകരമായത് കൽപിച്ചും. അവരുടെ വർഗത്തിൽനിന്നുതന്നെ അവർക്കും സ്വീകരിക്കാൻ കഴിയുംവിധം അദ്ദേഹത്തിന്റെ സത്യതയും സാഹചര്യവും മനസ്സിലാക്കാൻ പറ്റുന്ന വിധത്തിലും. ഒരു നിലയ്ക്കും അത്ഭുതപ്പെടേണ്ടതില്ലാത്ത കാര്യത്തിൽ അവർ അത്ഭുതപ്പെട്ടു. മറിച്ച് അതിൽ അത്ഭുതപ്പെടുന്നവന്റെ ബുദ്ധിയെക്കുറിച്ചാണ് അത്ഭുതപ്പെടേണ്ടത്. (എന്നിട്ട് സത്യനിഷേധികൾ പറഞ്ഞു) ബുദ്ധിക്കോ ചിന്തയ്ക്കോ കുറവില്ല. ആ നിഷേധത്തിന്റെയും അവിശ്വാസത്തിന്റെയും പ്രേരണയാൽ. (ഇത് അത്ഭുതകരമായ കാര്യമാകുന്നു) അതായത് അവിശ്വസനീയ കാര്യം.

ഈ അവിശ്വാസം രണ്ടിൽ ഒരു നിലക്കാവാം. അവർ സത്യസന്ധമായും ഇത് സംഭവിക്കാത്തതായും അത്ഭുതകരമായും കാണുന്നു. അങ്ങനെയാണെങ്കിൽ, അത് അവരുടെ അങ്ങേയറ്റത്തെ അറിവില്ലായ്മയെയും ബുദ്ധിക്കുറവിനെയും അറിയിക്കുന്നു. ബുദ്ധിയുള്ളവന്റെ വാക്കിനെ അപരിമിതമായിക്കാണുന്ന ഭ്രാന്തനെപ്പോലെ. ഒരു കുതിരപ്പടയെ ഒരു പടയാളി നേരിടുന്നതിൽ അത്ഭുതപ്പെടുന്ന ഒരു ഭീരുവിന്റെ സ്ഥാനത്താണ്. സമ്പന്നരുടെ സമ്പന്നതയിൽ അത്ഭുതപ്പെടുന്ന പിശുക്കിന്റെ സ്ഥാനത്ത്.

ഇത്തരം അത്ഭുതപ്പെടലുകൾകൊണ്ട് എന്ത് ഉപദ്രവമാണ് വരാനുള്ളത്? അവന്റെ അക്രമത്തിന്റെയും അറിവില്ലായ്മയുടെയും ആധിക്യത്തിന് ഒരു തെളിവ് മാത്രമല്ല ഈ അത്ഭുതപ്പെടൽ. അവരുടെ തെറ്റ് അവർ മനസ്സിലാക്കിക്കൊണ്ടാണ് അത്ഭുതപ്പെടുന്നതെങ്കിൽ ഇത് ഏറ്റവും നികൃഷ്ടവും അക്രമപരവും തന്നെയാണ്.

3.4. അവരത്ഭുതപ്പെടുന്ന വിഷയം തുടർന്ന് പറയുന്നു: (നാം മരിച്ചു മണ്ണായിക്കഴിഞ്ഞിട്ടോ ഒരു പുനർജന്മം? അത് വിദൂരമായ ഒരു മട ക്കമാകുന്നു) എല്ലാരംഗത്തും ദുർബലനും പരാശ്രയനുമായ ഒരടിമയുടെ കഴിവിനോടാണ് എല്ലാ നിലക്കും സമ്പൂർണമായ, എല്ലാറ്റിനും കഴിയുന്നവന്റെ കഴിവിനെ അവർ തുലനം ചെയ്തത്. ഒരറിവുമില്ലാത്ത വിഡ്ഢിയോട് എല്ലാം അറിയുവന്നവനെ അവർ തുല്യപ്പെടുത്തി. (ഭൂ മി ചുരുക്കിക്കൊണ്ടിരിക്കുന്നത്) ക്വബ്റിൽ കഴിച്ചുകൂടുന്ന സമയത്ത്. അവരുടെ ശരീരങ്ങളിൽ അവന്റെ അടുക്കലുള്ള റിക്കാർഡിൽ അവൻ തിട്ടപ്പെടുത്തി-മാറ്റമില്ലാതെ സംരക്ഷിക്കപ്പെടുന്ന-അവർക്ക് ജീവിതത്തിലും മരണത്തിലും സംഭവിക്കുന്നതെല്ലാം. ഇതെല്ലാം അവന്റെ വിശാലവും സമ്പൂർണവുമായ അറിവിനെ കുറിക്കുന്നു. ജീവിപ്പിക്കാനും മരിപ്പിക്കാനും കഴിയുന്ന അവനല്ലാതെ ആ അറിവ് മറ്റാരും അറിയുകയില്ല

5. (എന്നാൽ) അവരിൽനിന്നുണ്ടാകുന്ന വാക്കുകൾ സത്യങ്ങളിൽ ഏറ്റവും ഉന്നതമായ സത്യത്തെ കളവാക്കലും ധിക്കാരവും മാത്രമാണ്. (സത്യം അവർക്ക് വന്നെത്തിയപ്പോൾ അവർ ഇളകിക്കൊണ്ടിരിക്കുന്ന നിലപാടിലായിരുന്നു). കൂടിക്കലർന്നതും സംശയകരവുമായ, ഉറച്ചുനിൽക്കാത്ത ഒരു സ്ഥിരതയും ഇല്ലാത്ത നിലപാട്. ചിലപ്പോൾ നിന്നെക്കുറിച്ച് അവർ പറയും 'ഭ്രാന്തൻ' എന്ന്. മറ്റൊരിക്കൽ പറയും 'കവി' എന്ന്. അപ്രകാരം ക്വുർആനിനെ വ്യത്യസ്ത ഖണ്ഡങ്ങളാക്കി മാറ്റുകയും ചെയ്തു അവർ. എല്ലാവരും തങ്ങളുടെ പിഴച്ച

ചിന്തകൾ ഖുർആനിന്റെ പേരിൽ പറഞ്ഞു. സത്യത്തെ കളവാക്കുന്നവർ ഇങ്ങനെയാണ്. അവർ സമ്മിശ്രമായ കാര്യങ്ങളിലാണ്. ഒരു കാഴ്ചപ്പാടോ സ്ഥിരതയോ അവർക്കില്ല. അതിനാൽ അ വരുടെ കാര്യങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കിയതും വൈരുധ്യം നിറഞ്ഞതുമാണ്. സത്യത്തെ പിൻപറ്റുകയും അംഗീകരിക്കുകയും ചെയ്യുന്നവന്റെകാര്യമോ? അത് ഋജുവായതും അതിന്റെ വഴി നേരായതും അവന്റെ വാക്കും പ്രവൃത്തിയും സത്യസന്ധവുമായിരിക്കും.

6. സത്യനിഷേധികളുടെ അവസ്ഥയും അവരുടെ തകരാറുകളും പരാമർശിച്ചപ്പോൾ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് നോക്കുവാൻ അതവരെ ക്ഷണിക്കുന്നു. അതിൽനിന്ന് പാഠമുൾക്കൊള്ളാനും അവരുടെ വാദങ്ങൾക്കെതിരെ തെളിവ് നൽകാനുംവേണ്ടി. (അവർക്ക് മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടി ല്ലേ). വലിയ അധ്വാനമോ ശക്തിയോ ഒന്നും അതിന്നാവശ്യമില്ല. മറിച്ച്, വളരെ എളുപ്പമാണത്. അവർ നോക്കേണ്ടത്: (എങ്ങനെയാണ് നാമതിനെ നിർമിച്ചത്). എല്ലാ വശങ്ങളും സമമായ ഒരു കമാനം പോലെ കെട്ടുറപ്പുള്ള നിർമിതി, പിൻവാങ്ങിപ്പോകുന്ന സഞ്ചരിക്കുന്നവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നവയുമായ നക്ഷത്രങ്ങളെക്കൊണ്ട് ആകാശത്തെ അലങ്കരിച്ചു. ഒരു ചക്രവാളത്തിൽനിന്ന് അടുത്ത ചക്രവാളത്തിലേക്ക് വളരെ ഭംഗിയോടെയും മോഡിയോടെയും അവ സഞ്ചരിക്കുന്നു. അതിൽ ഒരു ന്യൂനതയോ, വിടവോ, തകരാറോ ഒന്നും കാണപ്പെടുകയില്ല. ഭൂവാസികൾക്ക് അതിനെ (ആകാശത്തെ) അല്ലാഹു ഒരു മേൽക്കൂരയാക്കി. അവർക്കാവശ്യമുള്ള എല്ലാ നന്മകളും അതിലവൻ വേണ്ടതുപോലെ ഒരുക്കിവെക്കുകയും ചെയ്തു.

7. ഭൂമിയെക്കുറിച്ചും ചിന്തിക്കുന്നില്ലേ? നാം എങ്ങനെയാണ് അതിനെ വികസിപ്പിക്കുകയും വിശാലമാക്കുകയും എല്ലാ ജീവികൾക്കും അ തിൽ ശാന്തമായി അടങ്ങാനും പറ്റിയ രൂപത്തിലും എല്ലാ നന്മകൾക്കും ഉപകരിക്കത്തക്കവിധത്തിലും ആക്കിയതെന്നും. ഭൂമി കുലുങ്ങുകയോ വിറക്കുകയോ ചെയ്യാതിരിക്കാൻ അതിൽ പർവതങ്ങളെഉറപ്പിച്ചതിനെക്കുറിച്ചും. (കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു). കാഴ്ചക്കാരനെ സന്തോഷിപ്പിക്കുന്ന, നോക്കുന്നവരെ വിസ്മയിപ്പിക്കുന്ന എല്ലാതരം ചെടികളും. മനുഷ്യനും മൃഗങ്ങൾക്കും പ്രയോജനത്തിനും ഭക്ഷണത്തിനും വേണ്ടിയുള്ളത്. അവ നോക്കുന്നവന്റെ കണ്ണിനെ കുളിർപ്പിക്കും.

8-11. രുചികരമായ പഴങ്ങൾ നിറഞ്ഞ ഉപകാരപ്രദമായ തോട്ടങ്ങളിൽ മുന്തിരി, റുമ്മാൻ, ഓറഞ്ച്, ആപ്പിൾ മുതലായ എല്ലാ ഇനം പഴങ്ങളുമുള്ളതിൽ ചിലത് അല്ലാഹു പ്രത്യേകമായി പറഞ്ഞു. ഉയരമുള്ള ഈത്തപ്പന, അതിന്റെ ഉപകാരം നീണ്ടുനിൽക്കുന്നതും അത് അധികം മരങ്ങൾക്കും എത്തിച്ചേരാൻ പറ്റാത്ത അത്ര ഉയരങ്ങളിലേക്ക് എത്തിച്ചേരുന്നതുമാണ്. അതിന്റെ അടുക്കടുക്കായ കുലകളിൽനിന്നും അടിമകൾക്കുള്ള ഭക്ഷണമുണ്ട്. അവർക്കും അവരുടെ കാലികൾക്കും തിന്നാനും സൂക്ഷിച്ചുവെക്കാനുമുള്ള പഴങ്ങൾ. അപ്രകാരം മഴയിൽനിന്നും അല്ലാഹു ഉൽപാദിപ്പിക്കുന്നുണ്ട്. അതിന്റെ ഫലം ഭൂമുഖത്ത് നദികളിലും താഴെ ധാന്യങ്ങളാലുമുണ്ട്. (കൊയ്തെടുക്കുന്ന) കൊയ്തെടുക്കുന്ന കൃഷികൾ, ഗോതമ്പ് ബാർലി, ചോളം നെല്ല്, മുതലായവ. ഇവയെക്കുറിച്ച് ചിന്തിക്കാനും (കണ്ടുമനസ്സിലാക്കാൻ), അജ്ഞതയുടെ അന്ധതയിൽനിന്നും ഉൾക്കാഴ്ച ലഭിക്കാനും (അനുസ്മരിക്കുവാൻ) ഇഹത്തിലും പരത്തിലും ഉപകാരപ്പെടുന്ന ബോധമുണ്ടാകാനും അല്ലാഹുവും റസൂലും പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഉദ്ബുദ്ധരാകാനും എല്ലാവർക്കും സാധിച്ചുകൊള്ളണമെന്നില്ല.(അല്ലാഹുവിലേക്ക് മടങ്ങുന്ന ഏതൊരു ദാസനും) അതായത് സ്നേഹത്തോടെയും ഭയത്തോടെയും പ്രതീക്ഷയോടെയും അവന്റെ വിളിക്ക് ഉത്തരം നൽകി അവനിലേക്ക് വരിക. എന്നാൽ നിഷേധിക്കുന്നവനും തിരിഞ്ഞുകളയുന്നവനും താക്കീതുകളോ ദൃഷ്ടാന്തങ്ങളോ യാതൊരു പ്രയോജനവും ചെയ്യുകയില്ല.

ചുരുക്കിപ്പറഞ്ഞാൽ സൃഷ്ടികളിലുള്ള ഭംഗിയും ശക്തിയും ബലവുമെല്ലാം അല്ലാഹുവിന്റെ കഴിവിന്റെ പൂർണതയ്ക്കുള്ള തെളിവാണ്. അല്ലാഹു ഏറ്റവും നല്ല യുക്തിമാനാണെന്നതിന്റെ തെളിവാണ് സൃഷ്ടിപ്പിൽ കാണുന്ന ഭംഗിയും സുദൃഢതയും പുതുമയുമെല്ലാം. തീർച്ചയായും അവനെല്ലാം അറിയുന്നവനുമാകുന്നു. എല്ലാറ്റിലും വിശാലമായ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തെളിവാണ്, സൃഷ്ടിപ്പിൽ അടിമകൾക്ക് ലഭിക്കുന്ന നന്മകളും പ്രയോജനങ്ങളും എല്ലാ ജീവനുള്ളവയിലും വ്യാപകമായ അവന്റെ ഔദാര്യവും സൃഷ്ടിപ്പിന്റെ ദൗത്യവും നൂതനമായ വ്യവസ്ഥാപിതത്വവും തെളിയിക്കുന്നത് സന്താനങ്ങളെയോ സഹധർമിണിയെയോ സ്വീകരിച്ചിട്ടില്ലാത്ത പരാശ്രയമുക്തനായ ഏകനും ഒരുവനുമാണ് അല്ലാഹു എന്നതാണ്. അവന് തുല്യനായി ഒരാളും ഇല്ലെന്നതും. അവനല്ലാതെ സ്നേഹവും വിധേയത്വവും ആരാധനയും പാടില്ലെന്ന് കൂടിയാണ്. നിർജീവമായതിനുശേഷം ഭൂമിയെ ജീവിപ്പിക്കുന്നതിൽ മരണശേഷം പ്രതിഫലം നൽകാൻ വേണ്ടി മരിച്ചവരെ ജീവിപ്പിക്കുമെന്നതിന്റെ തെളിവുണ്ട്. (നിർജീവമായ നാടിനെ അതുമൂലം നാം ജീവനുള്ളതാക്കുകയും ചെയ്തു. അപ്രകാരം തന്നെയാകുന്നു-ഖബ്റുകളിൽ നിന്നുള്ള-പുറപ്പാട്).

ആരോഗ്യപഥം



# എന്താണ് കൗൺസലിംഗ് ?

അബൂ റാഷിദ

മനശ്ശാസ്ത്ര ചികിത്സാപരമായ ആശയവിനിമയം (തെറാപ്യൂട്ടിക് കമ്യൂണിക്കേഷൻ) എന്ന് കൗൺസലിങ്ങിനെ നിർവചിക്കാം. മനശ്ശാസ്ത്രപരമായ സങ്കേതങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മാനസികപ്രശ്നവുമായി എത്തുന്നയാളുടെ മാനസികാരോഗ്യം ഉയർത്തുകയോ പിരിമുറുക്കം കുറയ്ക്കുകയോ ചെയ്യുവാൻ സഹായകമായ ആശയവിനിമയമാണ് കൗൺസലിങ്.

സൈക്കോളജിസ്റ്റു നൽകുന്ന മനശ്ശാസ്ത്ര ചികിത്സകളെ പൊതുവെ വിളിക്കുന്ന പേരാണ് സൈക്കോതെറാപ്പി. ഇൻസൈറ്റ് ഓറിയന്റ് സൈക്കോതെറാപ്പി, റീ എജ്യുക്കേറ്റീവ് സൈക്കോതെറാപ്പി, റീ കൺസ്ട്രക്ടീവ് സൈക്കോ തെറാപ്പി, സപ്പോർട്ടീവ് സൈക്കോ തെറാപ്പി എന്നിങ്ങനെ പലതരം സൈക്കോതെറാപ്പിയുണ്ട്. ചികിത്സക്കെത്തുന്നയാളുടെ മാനസികനില ആശ്രയിച്ചാണ് ചികിത്സകൻ ഏതു രീതി സ്വീകരിക്കണമെന്നു തീരുമാനിക്കുന്നത്. പ്രത്യേകിച്ച് മനോരോഗങ്ങളോ ഗുരുതരമായ മാനസിക പ്രശ്നങ്ങളോ ഇല്ലാത്ത പൂർണമായും നോർമൽ എന്നു വളിക്കാവുന്നവർക്ക് ഫലപ്രദമായ മാർഗമാണ് സപ്പോർട്ടീവ് തെറാപ്പി. അതിന്റെ പ്രചാരമേറിയ പേരാണ് കൗൺസലിങ്. അത് ഇന്ന് സ്വതന്ത്ര ശാഖയായി വ്യാപിച്ചിട്ടുണ്ട്.

ഒരാളുടെ ഉള്ളിൽ രൂപപ്പെട്ടിരിക്കുന്ന മാനസിക പ്രശ്നത്തിനു സാധാരണ നിലയിൽ അയാൾതന്നെയാണ് ഉത്തരം കണ്ടെത്തുക. സ്വന്തം നിലയിലോ ചുറ്റുപാടിന്റെ സാഹചര്യങ്ങളിൽനിന്നോ ഉത്തരം കണ്ടെത്താൻ കഴിയാതെ വരുമ്പോഴാണ് കൗൺസലറുടെ സഹായം വേണ്ടിവരുന്നത്. പ്രത്യേകിച്ചും വിഷയത്തിനു രഹസ്യാത്മക സ്വഭാവം കൂടിയുണ്ടായിരിക്കുകയും സ്വയം കൈകാര്യം ചെയ്യാൻ പല തവണ ശ്രമിച്ചിട്ടും സാധിക്കാതെ വരുകയും ചെയ്യുമ്പോൾ പ്രഫഷനലായ കൗൺസലറുടെ സഹായം വേണ്ടിവരും.

നോർമൽ എന്നു പറഞ്ഞാൽ സമയം, സ്ഥലം, വ്യക്തി എന്നിവയ്ക്കനുസരിച്ച് വേണ്ടവിധം പ്രതികരിക്കുന്നയൊരാളാണ്. മാനസികപ്രശ്നവുമായി വരുന്നയാളുടെ ഉള്ളിലാണ് പ്രശ്നം. അതിനുത്തരവും അയാളുടെ ഉള്ളിലുണ്ടാകും. ആ ഉത്തരം കണ്ടെത്താൻ സഹായിക്കുക എന്നതാണ് കൗൺസലറുടെ ചുമതല. ഉത്തരവും കൗസലർ നൽകിയാൽ അത് കൗൺസലറുടെ ഉത്തരവാദിത്തമായി മാറും. വരുന്നയാൾക്കുതന്നെ ഉത്തരവാദിത്തമുണ്ടാകണം. ആ ഉത്തരവാദിത്തം ഏൽപിച്ചുകൊടുക്കാൻ കൗൺസലർക്ക് കഴിയണം.

വേണ്ടത്ര യോഗ്യതയും ശേഷിയുമില്ലാത്തവർ കൗൺസലിങ് രംഗത്ത് ഏറെയുണ്ട്. വേണ്ടത്ര പരിശീലനം കൗൺസലർക്കില്ലെങ്കിൽ ക്ലൈന്റ് മാത്രമല്ല കൗൺസലറും അപകടത്തിൽപെടും. അതിനു നല്ല ഉദാഹരണമാണ് ട്രാൻസ്ഫറൻസ് പ്രശ്നങ്ങൾ.

വാഹനാപകടത്തിൽ ഭാര്യ മരിച്ച ദുഃഖം അതിജീവിക്കാനാണ് ഒരാൾ ഒരു വനിതാ സൈക്കോളജിസ്റ്റിനെ സമീപിച്ചത്. രണ്ടു സെഷനുകൾക്കുള്ളിൽ കൗൺസലറും ക്ലൈന്റും തമ്മിൽ പ്രണയത്തിലായി. ഒടുവിൽ അവർക്ക് വിവാഹം കഴിച്ചു ജീവിക്കേണ്ടിവന്നു!

ക്ലൈന്റിനെ സംബന്ധിച്ച് ഏറ്റവും സുരക്ഷിതമായ, എന്തും തുറന്നുപറയാവുന്ന ഇടമാണ് കൗൺസലിങ് റൂം. കൗൺസലിങ്ങിന്റെ വിവിധ ഘട്ടങ്ങളിൽ ക്ലൈന്റ് പലതരത്തിലുള്ള അടുപ്പം കൗൺസലറോട് കാണിച്ചെന്നിരിക്കും. ഇതിനെയാണ് ട്രാൻസ്ഫറൻസ് എന്നു പറയുന്നത്. വേണ്ടത്ര പരിശീലനം കിട്ടിയിട്ടില്ലാത്ത കൗൺസലറാകട്ടെ ഈ ട്രാൻസ്ഫറൻസിനോട് ചികിത്സാപരമായി പ്രതികരിക്കാനാവാതെ ക്ലൈന്റിന്റെ ആഗ്രഹമനുസരിച്ചു പ്രതികരിക്കാൻ തുടങ്ങും. ഇതാണ് കൗണ്ടർ ട്രാൻസ്ഫറൻസ്. ഇത്തരം സാഹചര്യങ്ങളെ വളരെ ബോധപൂർവം മുതലെടുക്കുന്ന കൗൺസലർമാരും ഇല്ലാതില്ല. ശരിയായ പരിശീലനം നേടിയ കൗൺസലർ പാലിക്കേണ്ട തൊഴിൽ ധാർമികതയുടെ പ്രാധാന്യം ഇവിടെയാണ്. ■



# മക്കാവിജയം

ഹുസൈൻ സലഫി
:+971 50 634 6963



ഹുദയ്ബിയയിൽ വെച്ച് ഉണ്ടാക്കിയ കരാർ മുസ്‌ലിംകൾ അക്ഷരംപ്രതി പാലിച്ചു. യാതൊരു വീഴ്ചയും വരുത്തിയില്ല. ആ കരാർ മക്കയിലെ മുശ്‌രിക്കുകളും മദീനയിലെ മുസ്‌ലിംകളും തമ്മിൽ മാത്രമായിരുന്നില്ല; ഇരുകൂട്ടർക്കും വിവിധ സഖ്യകക്ഷികളും ഉണ്ടായിരുന്നു. പരസ്പരം അക്രമിക്കാൻ പാടില്ല എന്ന കരാർ സഖ്യകക്ഷികൾക്കും ബാധകമായിരുന്നു.

മുശ്‌രിക്കുകളുമായി സഖ്യമുണ്ടാക്കിയവരായിരുന്നു ബനൂബകർ ഗോത്രം. ഇവർ മുസ്‌ലിംകളുടെ സഖ്യകക്ഷിയായ ഖസാഅ ഗോത്രത്തെ ആക്രമിച്ചു. തീർത്തും അകാരണമായിട്ടായിരുന്നു ആ അക്രമം. ഈ സന്ദർഭത്തിൽ മുശ്‌രിക്കുകൾ ബനൂബകർ ഗോത്രത്തിന് ആയുധങ്ങൾ നൽകി സഹായിക്കുകയും ചെയ്തു. കൂടാതെ, രാത്രി വളരെ രഹസ്യമായി ബനൂബകർ ഗോത്രത്തോടൊപ്പം ചേർന്ന് ഖുസാഅ ഗോത്രത്തെ അക്രമിക്കികുകയും ചെയ്തു. ഇതോടെ ഹുദയ്ബിയയിൽ വെച്ച് എഴുതിയ കരാർ തീർത്തും മക്കയിലെ മുശ്‌രിക്കുകൾ ലംഘിച്ചു. മക്കയിലെ മുശ്‌രിക്കുകൾ ബനൂബകർ ഗോത്രത്തെ സഹായിക്കുന്നുണ്ടെന്ന വിവരം ഖുസാഅ ഗോത്രത്തിന് ലഭിച്ചപ്പോൾ അവർ നബി(സ്വ)യോട് സഹായം ആവശ്യപ്പെട്ടു. നബി(സ്വ) സഹായം വാഗ്ദാനം നൽകി.

സന്ധി ലംഘിച്ച ക്വുറയ്ശികളുമായി പോരാടാൻ നബി(സ്വ) ഹിജ്റ എട്ടാം വർഷം റമദാൻ പത്തിന് വമ്പിയ ഒരു സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു. പുറപ്പാടിന്റെ വിവരം ക്വുറയ്ശികൾ അറിയാതിരിക്കാൻ നബി(സ്വ) അത് അതീവ രഹസ്യമാക്കി വെച്ചു. അതിന് വേണ്ട കാര്യങ്ങളെല്ലാം ചെയ്യുകയും ചെയ്തു. ചാരന്മാരെ സൂക്ഷിക്കാനായി നബി(സ്വ) സ്വഹാബിമാർക്ക് നിർദേശം നൽകി. മദീനയിൽനിന്നും മക്കയിലേക്ക് പുറപ്പെട്ട നബി(സ്വ)യുടെ സൈന്യത്തിന്റെ കൂടെ

വഴിയിൽവെച്ച് പലരും ചേരാൻ തുടങ്ങി. അവസാനം മുസ്‌ലിം സൈന്യത്തിന്റെ എണ്ണം പതിനായിരമായി. ഹുദയ്ബിയ സന്ധിയുടെയും മക്കാവിജയത്തിന്റെയും ഇടയിൽ ഇസ്‌ലാമിനുണ്ടായ വളർച്ച എത്ര ദ്രുതഗതിയിലായിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

മദീനയിൽനിന്നും മക്കയിലേക്കുള്ള പുറപ്പാട് രഹസ്യമാക്കുവാൻ നബി(സ്വ) നിർദേശം നൽകിയിരുന്നുവല്ലോ. എന്നാൽ അത് രഹസ്യമാക്കി വെക്കുന്നതിൽ ഹാത്വിബ് ഇബ്‌നു ബൽതഅ(റ)ക്ക് ഒരു അബദ്ധം സംഭവിക്കുകയുണ്ടായി. അദ്ദേഹം നബി(സ്വ)യുടെ പുറപ്പാടിനെ സംബന്ധിച്ച് ക്വുറയ്ശികളെ അറിയിക്കുന്ന ഒരു കത്ത് കൂലി നിശ്ചയിച്ച് ഒരു സ്ത്രീവശം കൊടുത്തയച്ചു. ഈ വിവരം അല്ലാഹു നബി(സ്വ)യെ വഹ്‌യിലൂടെ അറിയിക്കുകയും ചെയ്തു.

ഹാത്വിബ്(റ) ബദ്‌റ് യുദ്ധത്തിൽ പങ്കെടുത്ത മഹാനായ സ്വഹാബിയാണ്. സ്വഹാബിമാരുടെ കൂട്ടത്തിൽ ഏറെ സ്ഥാനമുള്ള വ്യക്തിയാണ് എന്നർഥം. ഹാത്വിബ്(റ) എഴുതിത്ത് കൈമാറിയ വിവരം ലഭിച്ച ഉടനെ നബി(സ്വ) ആ കത്ത് പിടിച്ചെടുക്കാനായി ആളെ ഏർപാട് ചെയ്തു. അലി(റ), സുബയ്ർ(റ), മിക്വ്ദാദ് (റ) തുടങ്ങിയ സ്വഹാബിമാരെയായിരുന്നു അതിനായി നിശ്ചയിച്ചത്.

മദീനയിൽനിന്നും മക്കയിലേക്കുള്ള പുറപ്പാട് രഹസ്യമാക്കുവാൻ നബി(സ്വ) നിർദേശം നൽകിയിരുന്നുവല്ലോ. എന്നാൽ അത് രഹസ്യമാക്കി വെക്കുന്നതിൽ ഹാത്വിബ് ഇബ്‌നു ബൽതഅ(റ)ക്ക് ഒരു അബദ്ധം സംഭവിക്കുകയുണ്ടായി. അദ്ദേഹം നബി(സ്വ)യുടെ പുറപ്പാടിനെ സംബന്ധിച്ച് ക്വുറയ്ശികളെ അറിയിക്കുന്ന ഒരു കത്ത് കൂലി നിശ്ചയിച്ച് ഒരു സ്ത്രീവശം കൊടുത്തയച്ചു. ഈ വിവരം അല്ലാഹു നബി (സ്വ)യെ വഹ്‌യിലൂടെ അറിയിക്കുകയും ചെയ്തു.

അലി(റ)യുടെ എഴുത്തുകാരനായ ഉബയ്ദുല്ല(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറയുമായുന്നു: ''അലി(റ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: എന്നെയും സുബയ്റിനെയും മിക്വ്ദാദിനെയും അല്ലാഹുവിന്റെ റസൂൽ(സ്വ) നിയോഗിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ഖാഖ് തോട്ടത്തിൽ എത്തുന്നതുവരെ നിങ്ങൾ പോയിക്കൊള്ളുക. തീർച്ചയായും അവിടെ ഒരു സ്ത്രീ ഉണ്ടാകും. അവളുടെകൂടെ ഒരു എഴുത്തും ഉണ്ടാകുന്നതാണ്. അത് നിങ്ങൾ അവളിൽനിന്നും പിടിച്ചെടുക്കണം.' അങ്ങനെ ഞങ്ങൾ പോയി. ഞങ്ങളുടെ കുതിരകൾ ഞങ്ങളെയും കൊണ്ട് ആ തോട്ടത്തിൽ എത്തുന്നതുവരെ അതിവേഗത്തിൽ കുതിച്ചു. അങ്ങനെ ഞങ്ങൾ ആ സ്ത്രീയുടെ അടുത്തെത്തി. അപ്പോൾ ഞങ്ങൾ പറഞ്ഞു: 'ആ കത്ത് എടുക്കൂ.' അപ്പോൾ അവൾ പറഞ്ഞു: 'എന്റെ പക്കൽ ഒരു എഴുത്തും ഇല്ലല്ലോ.' അപ്പോൾ ഞങ്ങൾ പറഞ്ഞു: 'തീർച്ചയായും നീ ആ കത്ത് പുറത്തെടുക്കുകതന്നെ വേണം. അല്ലെങ്കിൽ ഞങ്ങൾ വസ്ത്രം പരിശോധിക്കും.' അങ്ങനെ അവൾ അവളുടെ മുടിക്കെട്ടിൽനിന്നും അത് പുറത്തെടുത്തു. അങ്ങനെ ഞങ്ങൾ അതുമായി നബി(സ്വ)യുടെ അടുക്കലെത്തി. അപ്പോൾ അതിൽ 'മക്കയിലെ മുശ്‌രിക്കുകളിൽ പെട്ട ആളുകളിലേക്കായി ഹാത്വിബ് ഇബ്‌നു ബൽതഅയിൽ നിന്ന്' (എന്ന് എഴുതിയിരിക്കുന്നു). നബി(സ്വ)യുടെ ചില കാര്യങ്ങൾ അദ്ദേഹം അവരെ അറിയിച്ചിരിക്കുകയും (ചെയ്തിരിക്കുന്നു). അപ്പോൾ നബി(സ്വ) ചോദിച്ചു: 'ഹാത്വിബ്, എന്താണിത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എന്റെമേൽ വേഗത്തിൽ (നടപടി) എടുക്കരുത്. ഞാൻ ക്വുറയ്ശികളിൽ പെട്ട ഒരാളായിരുന്നല്ലോ. (എന്നാൽ അവർക്ക്) ഞാൻ അവരിൽപെട്ടവനായിരുന്നില്ല. അങ്ങയുടെ കൂടെയുള്ള മുഹാജിറുകളിൽ പെട്ടവർക്ക് മക്കയിൽ അവരുടെ സ്വന്തക്കാരെയും സമ്പത്തിനെയും സംരക്ഷിക്കുവാൻ കുടുംബങ്ങളുണ്ടല്ലോ. എന്റെ കുടുംബക്കാർക്ക് ഒരു സഹായം ചെയ്യാൻ ഞാൻ താൽപര്യപ്പെട്ടുപോയി. ഞാൻ അത് കുഫ്‌റ് (സത്യനിഷേധം) കൊണ്ട് ചെയ്തതല്ല, എന്റെ മതത്തിൽ നിന്ന് ഞാൻ പിൻമാറിയിട്ടുമില്ല.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'തീർച്ചയായും അദ്ദേഹം നിങ്ങളോട് സത്യമാണ് പറഞ്ഞത്.' അപ്പോൾ ഉമർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ,

അദ്ദേഹത്തെ എനിക്ക് വിട്ടുതരൂ. ഞാൻ അദ്ദേഹത്തിന്റെ പിരടി വെട്ടിക്കളയാം.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'അദ്ദേഹം ബദ്റിൽ പങ്കെടുത്തവനാണല്ലോ. താങ്കൾക്ക് അറിയില്ലേ? അല്ലാഹു ബദ്രീങ്ങളിലേക്ക് നോക്കിയിട്ടുണ്ടായേക്കാം. എന്നിട്ട് അവൻ പറഞ്ഞിട്ടുണ്ടാകാം; നിങ്ങൾ ഉദ്ദേശിക്കുന്നത് ചെയ്തുകൊള്ളുവീൻ. തീർച്ചയായും ഞാൻ നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു.' (നിവേദകൻ) അംറ്(റ) പറഞ്ഞു: 'അദ്ദേഹത്തിന്റെ കാര്യത്തിൽ (അല്ലാഹു ഈ ക്വുർആൻ സൂക്തം) ഇറക്കി: 'ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ റസൂലിനെയും നിങ്ങളെയും അവർ നാട്ടിൽനിന്നു പുറത്താക്കുന്നു. എന്റെ മാർഗത്തിൽ സമരം ചെയ്യുവാനും എന്റെ പ്രീതിതേടുവാനും നിങ്ങൾ പുറപ്പെട്ടിരിക്കുകയാണെങ്കിൽ (നിങ്ങൾ അപ്രകാരം മൈത്രീ ബന്ധം സ്ഥാപിക്കരുത്). നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു. നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങളിൽനിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്നപക്ഷം അവൻ നേർമാർഗത്തിൽനിന്ന് പിഴച്ചുപോയിരിക്കുന്നു'' (മുംതഹിന 1) (ബുഖാരി).

നബി(സ്വ)യുടെ കൽപന പ്രകാരം മൂന്ന് പേരും യാത്ര പുറപ്പെട്ടു. നബി(സ്വ) പറഞ്ഞ ആ തോട്ടത്തിൽ എത്തി. സ്ത്രീയെ കണ്ടു. കത്ത് എടുക്കാൻ അവളോട് കൽപിച്ചു. ആദ്യം നിഷേധിച്ചെങ്കിലും പിന്നീട് പുറത്തെടുത്തു. ഹാത്വിബാ(റ)ണ് എഴുതിയത് എന്ന് വ്യക്തമായി. എഴുതിയതാകട്ടെ മക്കയിലെ മുശ്‌രിക്കുകൾക്കും. ഇതു കണ്ട നബി(സ്വ) ഹാത്വിബി(റ)നോട് വിശദീകരണം തേടി.

നബി(സ്വ) വളരെ സ്വകാര്യമാക്കാൻ പറഞ്ഞ കാര്യം മറ്റുള്ളവർക്ക് എത്തിച്ചത് വലിയ അപരാധമാണ്ഉമർ(റ) കുപിതനായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അദ്ദേഹത്തെ എനിക്ക് വിട്ടുതന്നാലും. ഞാൻ അവനെ കൊന്നു കളയാം.' നബി(സ്വ) പറഞ്ഞു: 'ഉമറേ, അദ്ദേഹം ബദ്റിൽ പങ്കെടുത്ത മഹാനായ വ്യക്തിയാണ്. അല്ലാഹു അവരുടെ കാര്യം നന്നായി മനസ്സിലാക്കിയിട്ടുണ്ടായിരിക്കുമല്ലോ. അല്ലാഹു അവർക്ക് പൊറുത്തു കൊടുത്തിട്ടുണ്ട് എന്ന് നേരത്തെ വിവരം നൽകിയിട്ടുമുണ്ട്. അതിനാൽ അദ്ദേഹത്തെ വധിക്കാൻ പാടില്ല.'

നബി(സ്വ) വളരെ സ്വകാര്യമാക്കാൻ പറഞ്ഞ കാര്യം മറ്റുള്ളവർക്ക് എത്തിച്ചത് വലിയ അപരാധമാണ് ഉമർ(റ) കുപിതനായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അദ്ദേഹത്തെ എനിക്ക് വിട്ടുതന്നാലും. ഞാൻ അവനെ കൊന്നു കളയാം.' നബി(സ്വ) പറഞ്ഞു: 'ഉമറേ, അദ്ദേഹം ബദ്റിൽ പങ്കെടുത്ത മഹാനായ വ്യക്തിയാണ്. അല്ലാഹു അവരുടെ കാര്യം നന്നായി മനസ്സിലാക്കിയിട്ടുണ്ടായിരിക്കുമല്ലോ. അല്ലാഹു അവർക്ക് പൊറുത്തു കൊടുത്തിട്ടുണ്ട് എന്ന് നേരത്തെ വിവരം നൽകിയിട്ടുമുണ്ട്. അതിനാൽ അദ്ദേഹത്തെ വധിക്കാൻ പാടില്ല.'

ബദ്റിൽ പങ്കെടുത്ത വ്യക്തി എന്ന നിലക്ക് പിൽക്കാലത്ത് ഈ ഇളവ് ഉപയോഗപ്പെടുത്തി ഇത്തരം ചെയ്തികൾ പ്രവർത്തിച്ചുകൂടാ. അല്ലാഹുവിൽ വിശ്വസിച്ചു എന്ന കാരണത്താൽ നിങ്ങളെ ആട്ടിപ്പുറത്താക്കുന്ന സത്യനിഷേധികളെ മിത്രങ്ങളായി സ്വീകരിക്കാൻ പാടില്ല എന്ന നിയമം അല്ലാഹു ഇറക്കുകയും ചെയ്തു. അങ്ങനെ ഹാത്വിബു(റ)വുമായി ബന്ധപ്പെട്ട ആ സംഭവം അവിടെ അവസാനിക്കുകയും ചെയ്തു.

നബി(സ്വ)യും സ്വഹാബിമാരും മക്കയിലേക്ക് യാത്രതുടർന്നു. റമദാനിലാണല്ലോ സംഭവം. എല്ലാവരും നോമ്പുകാരാണ്. ക്ഷീണം അവരെ നന്നായി ബാധിച്ചിട്ടുണ്ടായിരുന്നു. നബി(സ്വ) തന്റെ ഒട്ടകപ്പുറത്ത് കയറി. എല്ലാവരും കാണുന്ന വിധത്തിൽ പരസ്യമായി നോമ്പ് മുറിച്ചു. യാത്രക്കാർക്ക് നോമ്പ് നിർബന്ധമില്ലല്ലോ. അത് പിന്നീട് നോറ്റുവീട്ടിയാൽ മതി. നബി(സ്വ) ആ ഇളവ് പ്രകാരം ചെയ്തു. അത് കണ്ട സ്വഹാബിമാരും അപ്രകാരം ചെയ്തു.

മുസ്‌ലിംകൾ മക്കയിൽ എത്തുന്നതിന് മുമ്പേ പല പ്രമുഖരും ഇസ്‌ലാം സ്വീകരിച്ചു. അബൂസുഫ്‌യാൻ അവരിൽ പെട്ട ആളാണ്. അദ്ദേഹത്തെ കണ്ടപ്പോൾ സ്വഹാബിമാർ നബി(സ്വ)യുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടു പോയി. നബി(സ്വ) അദ്ദേഹത്തോട് ചോദിച്ചു: 'അല്ലാഹു മാത്രമാണ് ആരാധ്യൻ എന്ന് താങ്കൾ അംഗീകരിക്കുന്നുവോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹു മാത്രമാണ് ആരാധ്യൻ എന്നും ഞാൻ ആരാധിച്ചിരുന്നവയ്ക്ക് യാതൊരു കഴിവും ഇല്ല എന്നും എനിക്ക് ബോധ്യമായിരിക്കുന്നു.' അങ്ങനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. മക്കജയിച്ചടക്കുന്നതിന് അൽപ സമയം മുമ്പായിരുന്നു അബൂസുഫ്‌യാന്റെ ഇസ്‌ലാം സ്വീകരണം.

മക്കയിൽനിന്ന് ആരെങ്കിലും വരുന്നുണ്ടെങ്കിൽ മുസ്‌ലിംകളുടെ സംഘശക്തി മനസ്സിലാക്കട്ടെ എന്ന ഉദ്ദേശത്തിൽ മുസ്‌ലിംകൾ അവരുടെ സൈനിക പ്രകടനങ്ങൾ നടത്തുന്നുണ്ടായിരുന്നു. അൻസ്വാറുകളുടെ പതാകയേന്തിയിരുന്ന സഅദ് ഇബ്‌നു ഉബാദ(റ) അബൂസുഫ്‌യാന്റെ(റ) സമീപത്തുകൂടെ നടക്കുകയായിരുന്നു. അബൂസുഫ്‌യാനെ കണ്ടപ്പോൾ സഅദ്(റ) വിളിച്ചു പറഞ്ഞു:

'ഇന്ന് ചോരച്ചാൽ ഒലിക്കുന്ന ദിവസമാണ്. ഇന്ന് കഅ്ബയുടെ (പവിത്രകളെല്ലാം) അനുവദിക്കപ്പെടുന്ന ദിവസമാണ്.' അബൂസുഫ്‌യാന്റെ സമീപത്തിലൂടെ അല്ലാഹുവിന്റെ റസൂൽ(സ്വ) നടക്കവെ അബൂസുഫ്‌യാൻ ചോദിച്ചു: 'സഅ്ദ് ഇബ്‌നു ഉബാദ പറഞ്ഞത് താങ്കൾ അറിഞ്ഞില്ലേ?' അവിടുന്ന് ചോദിച്ചു: 'എന്താണ് അദ്ദേഹം പറഞ്ഞത്?' അദ്ദേഹം പറഞ്ഞു: 'ഇങ്ങനെയും ഇങ്ങനെയും.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'സഅ്ദ് പറഞ്ഞത് കളവാണ്. എന്നാൽ ഈ ദിവസം കഅ്ബ പ്രത്യേകം ആദരിക്കപ്പെടുകയും കഅ്ബക്ക് (പുതിയ) പുടവ ധരിപ്പിക്കപ്പെടുകയും ചെയ്യുന്ന ദിവസമാണ്' (ബുഖാരി).

**നബി(സ്വ)യും സ്വഹാബിമാരും മക്കയിലേക്ക് യാത്ര തുടർന്നു. റമദാനിലാണല്ലോ സംഭവം. എല്ലാവരും നോമ്പുകാരാണ്. ക്ഷീണം അവരെ നന്നായി ബാധിച്ചിട്ടുണ്ടായിരുന്നു. നബി(സ്വ) തന്റെ ഒട്ടകപ്പുറത്ത് കയറി. എല്ലാവരും കാണുന്ന വിധത്തിൽ പരസ്യമായി നോമ്പ് മുറിച്ചു. യാത്രക്കാർക്ക് നോമ്പ് നിർബന്ധമില്ലല്ലോ. അത് പിന്നീട് നോറ്റുവീട്ടിയാൽ മതി. നബി(സ്വ) ആ ഇളവ് പ്രകാരം ചെയ്തു. അത് കണ്ട സ്വഹാബിമാരും അപ്രകാരം ചെയ്തു.**

കഅ്ബയുടെ സമീപത്ത് അക്രമമോ രക്തച്ചൊരിച്ചിലോ അനുവദനീയമല്ലല്ലോ. എന്നാൽ 'ഇന്ന് അതെല്ലാം അനുവദനീയമാക്കപ്പെടുന്ന ദിവസമാണ്' എന്ന് സഅ്ദ്(റ) വിളിച്ചു പറഞ്ഞത് അബൂസുഫ്‌യാൻ(റ) കേൾക്കാൻ വേണ്ടിയായിരുന്നു. ഇത് അദ്ദേഹത്തെ വേദനിപ്പിച്ചു. നബി(സ്വ) സഅ്ദി(റ)ന്റെ സംസാരത്തെ തള്ളി. 'ഇത് കഅ്ബയെ ആദരിക്കുന്ന ദിവസമാണ്. രക്തച്ചൊരിച്ചിലോ അക്രമമോ ഇവിടെ സംഭവിക്കുന്നതല്ല' എന്ന് പ്രഖ്യാപിച്ചു.

മദീനയിൽനിന്നും മക്കയിലേക്ക് വലിയ സൈന്യവുമായി പ്രവേശിക്കുമ്പോൾ അവർക്ക് അതിയായ സന്തോഷമുണ്ടായിരുന്നു. ആ സമയത്ത് സഅ്ദ(റ)ൽനിന്നും പരിധി വിട്ട ചില വാക്കുകൾ പുറത്തുവന്നത് അദ്ദേഹത്തിന്റെ ആഹ്ളാദ പ്രകടനത്തിൽനിന്നും ഉണ്ടായതാണെങ്കിലും നബി(സ്വ) വളരെ ഗൗരവത്തിലാണ് അതിനെ കണ്ടത്.

സഅ്ദി(റ)ന്റെ സംസാരത്തെ നബി(സ്വ) അംഗീകരിച്ചില്ലെന്ന് മാത്രമല്ല, ഒരു ശിക്ഷയെന്ന നിലയ്ക്ക് സഅ്ദി(റ)ൽനിന്നും അൻസ്വാറുകളുടെ പതാക നബി(സ്വ) വാങ്ങി അദ്ദേഹത്തിന്റെ മകൻ ക്വയ്സിന് അത് നൽകി. എന്നാൽ അതിനുശേഷം സഅ്ദ്(റ) തന്റെ പുത്രനെ അവൻ നിൽക്കുന്ന സ്ഥാനത്ത് നിന്നും മാറ്റാൻ വേണ്ടി നബി(സ്വ)യോട് ആവശ്യപ്പെട്ടു. അവൻ വല്ല അബദ്ധത്തിലും വീഴുമോയെന്ന് ഭയപ്പെട്ടായിരുന്നു അത്. അങ്ങനെ ക്വയ്സി(റ)ൽനിന്നും ആ പതാക വാങ്ങി വീണ്ടും സഅ്ദി(റ)നെത്തന്നെ ഏൽപിക്കുകയുണ്ടായി.

ഇതുപോലുള്ള ഘട്ടങ്ങളിൽ എതിരാളികളിൽ വികാരം ഇളക്കിവിടുന്ന രൂപത്തിൽ സംസാരിക്കാൻ പാടില്ല എന്ന ഒരു പാഠം നബി(സ്വ) നമുക്ക് ഇതിലൂടെ കൈമാറുന്നുണ്ട്.

പതിനായിരത്തോളം വരുന്ന സ്വഹാബികളെയും കൂട്ടി നബി (സ്വ) മക്കയിലേക്ക് പ്രവേശിക്കുന്നു. എല്ലാവരെയും കാണിക്കുന്ന വിധത്തിൽ അബൂസുഫ്‌യാ(റ)നെ നബി(സ്വ) മലയിടുക്കിൽ നിറുത്തി. അബൂസുഫ്‌യാൻ(റ) ഇപ്പോൾ മുസ്‌ലിമായതല്ലേയുള്ളൂ. അദ്ദേഹം മുസ്‌ലിംകളുടെ സംഘശക്തി കണ്ട് മനസ്സിലാക്കുന്നതിന് വേണ്ടിയായിരുന്നു അദ്ദേഹത്തെ നബി(സ്വ) മലയിടുക്കിൽ നിറുത്തിയത്. ഓരോ സംഘവും മക്കയിലേക്ക് പ്രവേശിക്കുമ്പോൾ അവരുടെ ശക്തിയും വീര്യവും അബൂസുഫ്‌യാൻ(റ) മലയിടുക്കിൽ നിന്നും കണ്ടു മനസ്സിലാക്കാൻ തുടങ്ങി. അദ്ദേഹത്തിന് ഇസ്‌ലാമിൽ ഉറച്ചുനിൽക്കാനുള്ള ഒരു കരുത്ത് അതിലൂടെ ലഭിക്കുകയും ചെയ്തു.

പതിനായിരത്തോളം വരുന്ന സ്വഹാബികളെയും കൂട്ടി നബി (സ്വ) മക്കയിലേക്ക് പ്രവേശിക്കുന്നു. എല്ലാവരെയും കാണിക്കുന്ന വിധത്തിൽ അബൂസുഫ്‌യാ(റ)നെ നബി(സ്വ) മലയിടുക്കിൽ നിറുത്തി. അബൂസുഫ്‌യാൻ(റ) ഇപ്പോൾ മുസ്‌ലിമായതല്ലേയുള്ളൂ. അദ്ദേഹം മുസ്‌ലിംകളുടെ സംഘശക്തി കണ്ട് മനസ്സിലാക്കുന്നതിന് വേണ്ടിയായിരുന്നു അദ്ദേഹത്തെ നബി(സ്വ) മലയിടുക്കിൽ നിറുത്തിയത്. ഓരോ സംഘവും മക്കയിലേക്ക് പ്രവേശിക്കുമ്പോൾ അവരുടെ ശക്തിയും വീര്യവും അബൂസുഫ്‌യാൻ(റ) മലയിടുക്കിൽ നിന്നും കണ്ടു മനസ്സിലാക്കാൻ തുടങ്ങി. അദ്ദേഹത്തിന് ഇസ്‌ലാമിൽ ഉറച്ചുനിൽക്കാനുള്ള ഒരു കരുത്ത് അതിലൂടെ ലഭിക്കുകയും ചെയ്തു.

നബി(സ്വ) അവസാന സംഘത്തിലായിരുന്നു ഉണ്ടായിരുന്നത്. മുസ്‌ലിംകൾ മക്കയിൽ പ്രവേശിച്ചു തുടങ്ങി. മക്കാ പട്ടണം മുസ്‌ലിംകൾക്ക് കീഴ്‌പെടാൻ പോകുകയാണ്. മുസ്‌ലിംകളെ എതിർക്കാൻ അധികം ആരും മുന്നോട്ടുവന്നില്ല. നബി(സ്വ) മക്കയിലേക്ക് പ്രവേശിച്ചത് അൽപം പോലും അഹങ്കാരം കാണിച്ചുകൊണ്ടല്ലായിരുന്നു. മറിച്ച്, അല്ലാഹു നൽകിയ ഒരു അനുഗ്രഹത്തെ ഓർത്തും അതിന് നന്ദി കാണിച്ചും സൂറതുൽ ഫത്ഹ് പാരായണം ചെയ്തായിരുന്നു അവിടുന്ന് മക്ക ജയിച്ചടക്കിയത്. അവിടുന്ന് തലകുനിച്ച് വിനയത്തോടെ മക്കയിൽ പ്രവശിക്കുകയായിരുന്നു.

രക്തച്ചൊരിച്ചിലോ അക്രമ സംഭവങ്ങളോ ഒന്നുമില്ലാതെ സമാധാന പൂർണമായ അന്തരീക്ഷത്തിൽ മക്ക ജയിച്ചടക്കണമെന്ന് നബി(സ്വ)ക്ക് നിർബന്ധമുണ്ടായിരുന്നു. അതിനാൽ നബി(സ്വ) മക്കയിൽ പ്രവേശിക്കുന്ന വേളയിൽ ഇപ്രകാരം വിളിച്ചു പറയാൻ ആളെ ഏർപ്പാട് ചെയ്തു:

''ആരെങ്കിലും അബൂസുഫ്‌യാന്റെ വീട്ടിൽ പ്രവേശിച്ചുവോ അവൻ നിർഭയനാണ്. ആരെങ്കിലും ആയുധം വെച്ചാൽ (കീഴടങ്ങിയാൽ) അവനും നിർഭയനാകുന്നു. ആരെങ്കിലും തന്റെ കതക് അടച്ചാൽ അവനും നിർഭയനാകുന്നു'' (മുസ്‌ലിം).

മക്കയിലേക്ക് നബി(സ്വ) പ്രവേശിക്കുന്നതിന് മുമ്പ് തന്നെ അവിടത്തുകാരെ ആശ്വസിപ്പിച്ചു. നിങ്ങളെ വധിക്കുവാനോ, നിങ്ങളോട് അക്രമം കാണിക്കുവാനോ, നിങ്ങളെ കൊള്ളയടിക്കുവാനോ, നിങ്ങളെ നശിപ്പിച്ചുകളയുവാനോ അല്ല ഞങ്ങൾ വരുന്നതെന്നും അറിയിച്ചു; അവർക്ക് നിർഭയത്തം വാഗ്ദാനം ചെയ്തു.

അബൂസുഫ്‌യാൻ(റ) ഇസ്‌ലാം സ്വീകരിച്ചത് മക്കക്കാരെ അറിയിക്കാനും അദ്ദേഹത്തിന് അംഗീകാരവും ആശ്വാസവുമായിട്ടാണ് അദ്ദേഹത്തിന്റെ വീട്ടിൽ പ്രവേശിച്ചവർക്ക് നിർഭയത്വം വാഗ്ദാനം ചെയ്തത്. മക്കയിൽ എത്രയോ വലിയ പ്രമാണിമാരും നേതാക്കളും വേറെയും ഉണ്ടായിരുന്നിട്ടും തന്റെ വീട് പ്രവാചകൻ എടുത്ത് പറഞ്ഞല്ലോ! അങ്ങനെ നബി(സ്വ)നോടുള്ള അദ്ദേഹത്തിന്റെ സ്‌നേഹം വർധിക്കുകയും ഇസ്‌ലാമിലേക്ക് കൂടുതൽ താൽപര്യം ഉണ്ടാകുകയും ചെയ്തു.

മുസ്‌ലിംകളോട് പോരാട്ടത്തിനില്ലെന്നും അവരെ അക്രമിക്കുകയില്ലെന്നും തീരുമാനിക്കുന്ന രൂപത്തിൽ ആയുധം നിലത്ത് വെച്ചവരും, തങ്ങളുടെ വീടുകളിൽ വാതിൽ അടച്ച് ഇരിക്കുന്നവരും നിർഭയരാണ്. അവരെ മുസ്‌ലിംകൾ ഒന്നും ചെയ്യുന്നതല്ല എന്ന് അവിടുന്ന് പ്രഖ്യാപിച്ചു. ഞങ്ങൾ മക്കയിൽ പ്രവേശിക്കുന്ന വേളയിൽ ഞങ്ങളോട് ആക്രമണം നടത്തുകയോ യുദ്ധം ചെയ്യുകയോ ചെയ്യുന്നവരോടല്ലാതെ ഞങ്ങളും പോരാടുകയില്ല എന്ന് അറിയിക്കുകയാണ് നബി(സ്വ) ഈ പ്രഖ്യാപനത്തിലൂടെ ചെയ്തത്.

അപ്പോൾ അൻസ്വാറുകളിൽ ചിലർ മറ്റു ചിലരോട് പറഞ്ഞു: 'ഇതാ, നബി(സ്വ) തന്റെ നാട്ടിലുള്ളവരെ കണ്ടപ്പോൾ അവരിൽ ഒരു ആഗ്രഹം ഉണ്ടായിരിക്കുന്നു. അവിടുത്തെ ബന്ധുക്കളിൽ ഒരു ദയ ഉണ്ടായിരിക്കുന്നു.' അബൂഹുറയ്റ(റ) പറയുന്നു: 'നബി(സ്വ)ക്ക് വഹ്യ് (ദിവ്യബോധനം) വന്നു. വഹ്യ് വന്നാൽ ഞങ്ങൾക്ക് അത് ഗോപ്യമാകാറില്ല. അങ്ങനെ (വഹ്യ്) വന്നാൽ ഒരാളും വഹ്യ് അവസാനിക്കുന്നത് വരെ അല്ലാഹുവിന്റെ റസൂലി(സ്വ)ലേക്ക് തന്റെ ദൃഷ്ടി ഉയർത്തുകയില്ല.' അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'ഓ, അൻസ്വാർ സമൂഹമേ...' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങേക്ക് ഉത്തരം തന്നിരിക്കുന്നു.' അവിടുന്ന് ചോദിച്ചു: 'നബിക്ക് തന്റെ നാട്ടുകാരിൽ ആഗ്രഹം ഉണ്ടായിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞുവോ?' അവർ പറഞ്ഞു: 'തീർച്ചയായും അത് ഉണ്ടായിരിക്കുന്നു.' അവിടുന്ന് പറഞ്ഞു: 'വേണ്ട, തീർച്ചയായും ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാകുന്നു. ഞാൻ അല്ലാഹുവിലേക്കും നിങ്ങളിലേക്കും ഹിജ്റ വന്നവനാണല്ലോ. (എന്റെ) ജീവിതസ്ഥലം നിങ്ങളുടെ ജീവിതസ്ഥലവും (എന്റെ) മരണസ്ഥലം നിങ്ങളുടെ മരണസ്ഥലവുമായിരിക്കും.' അങ്ങനെ അവർ കരയുന്നവരായി അവിടുത്തെ മുന്നിൽ വന്നു. അവർ പറയുകയും ചെയ്തു: 'അല്ലാഹുവാണെ സത്യം, അല്ലാഹുവിലും അവന്റെ റസൂലിലും സ്വാർഥതയുള്ളതിനാലല്ലാതെ ഞങ്ങൾ അത് പറഞ്ഞിട്ടില്ല.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും നിങ്ങളെ സത്യപ്പെടുത്തുന്നവരും നിങ്ങളുടെ കാരണത്തെ അംഗീകരിക്കുന്നവരുമാണ്.' (മുസ്ലിം).

അബൂസുഫ്യാ(റ)ന്റെ വീട്ടിൽ പ്രവേശിച്ചവനും ആയുധം താഴെവെച്ചവനും തന്റെ വീട്ടിൽ കതകടച്ച് ഇരിക്കുന്നവരും നിർഭയരാണ് എന്ന് നബി(സ്വ) പ്രഖ്യാപിച്ചപ്പോൾ സ്വന്തം നാട്ടുകാരോടും കുടുംബക്കാരോടും തങ്ങളോടുള്ളതിനെക്കാൾ അടുപ്പവും സ്നേഹവും നബിക്ക് ഉണ്ടാകുന്നുണ്ടോ എന്നും തങ്ങളെഒഴിവാക്കി മക്കക്കാരുടെ കൂടെ അവിടുന്ന് കഴിച്ചു കൂട്ടുമോ എന്നുമുള്ള ചിന്തയും വിഷമവുമാണ് അന്നേരം അൻസ്വാറുകൾക്കുണ്ടായിരുന്നത്. അതാണ് അവരെ അപ്രകാരം സ്വകാര്യമായി പറയാൻ പ്രേരിപ്പിച്ചത്.

അങ്ങനെയുള്ള അവസ്ഥയിൽ ജിബ്രീൽ(അ) വഹ്യുമായി വന്നു. വഹ്യ് അവസാനച്ചപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) അൻസ്വാറുകളെ വിളിച്ചു. അവർ എല്ലാവരും അവിടുത്തേക്ക് ഉത്തരം നൽകി. നിങ്ങൾ വിഷമിക്കേണ്ടതില്ല. നിങ്ങളുടെ



ജീവിതസ്ഥലം എവിടെയാണോ അതാണ് എന്റെയും ജീവിതസ്ഥലം. നിങ്ങളുടെ മരണസ്ഥലം എവിടെയാണോ അതുതന്നെയാണ് എന്റെയും മരണസ്ഥലം എന്ന് അവിടുന്ന് അൻസ്വാറുകളോട് പ്രഖ്യാപിച്ചു. അവർ തങ്ങൾ അങ്ങനെ പറഞ്ഞതിന്റെ കാരണം വിശദീകരിച്ചു. നബി(സ്വ) അത് അംഗീകരിക്കുകയും ചെയ്തു.

ഞാൻ അല്ലാഹുവിന്റെ അടിമയും ദൂതനുമാണ് എന്ന് നബി(സ്വ) പറഞ്ഞതിനെ വിശദീകരിക്കുന്ന വേളയിൽ ഇമാം നവവി(റഹി) ഇപ്രകാരം പറഞ്ഞു:

''തീർച്ചയായും ഞാൻ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാകുന്നു എന്ന നബി(സ്വ)യുടെ വാക്ക്, അത് രണ്ട് രൂപത്തിലായി മനസ്സിലാക്കാം. അതിൽ ഒന്ന്, സത്യമായും ഞാൻ അല്ലാഹുവിന്റെ ദൂതൻതന്നെയാകുന്നു. അതിനാൽ എനിക്ക് വഹ്യ് വരുന്നതാണ്. ഈ സംഭവം പോലെയും അതിന് സമാനമായതുമായത് പോലെയുള്ള മറഞ്ഞ കാര്യങ്ങൾ (അതുകാരണം) ഞാൻ പറയുകയും ചെയ്യുന്നതാണ്. അതിനാൽ എല്ലാ അവസ്ഥയിലും ഞാൻ നിങ്ങളോട് പറയുന്നതും ഞാൻ നിങ്ങളോട് അറിയിക്കുന്നതും നിങ്ങൾ മുറുകെ പിടിക്കുകയും ചെയ്യുക. മറ്റേത്, മറഞ്ഞ കാര്യങ്ങളിൽ ഞാൻ നിങ്ങളോട് (പറയുന്ന) എന്റെ വാർത്ത കൊണ്ട് നിങ്ങൾ കുഴപ്പത്തിൽ അകപ്പെടുകയോ, നസ്വാറാക്കൾ ഈസാനബി(സ്വ)യെ അമിതമായി പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ അമിതമായി പുകഴ്ത്തുകയും (ചെയ്യരുത്). കാരണം, തീർച്ചയായും ഞാൻ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനും ആകുന്നു.




# ഒന്നു ചിരിച്ചുകൂടെ?


ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525


**'ഒരു പുഞ്ചിരി ഞാൻ**
**മറ്റുള്ളവർക്കായ് ചെലവാക്കവേ**
**ഹൃദയത്തിലുലാവുന്നു**
**നിത്യ നിർമല പൗർണമി' (അക്കിത്തം)**

ലോകത്തെ ഏറ്റവും നിഷ്കളങ്കമായ പുഞ്ചിരി എന്ന അടിക്കുറിപ്പോടെ വാട്സാപ്പിൽ പ്രചരിച്ച ഒരു കൊച്ചുകുട്ടിയുടെ മുഖം എല്ലാവരുമോർക്കുന്നുണ്ടാകും. സത്യത്തിൽ, പുഞ്ചിരിക്കുന്ന ഒരു കുഞ്ഞുമുഖത്തോട് ആർക്കാണ് തിരിച്ച് ചിരിക്കാതിരിക്കാനാവുക? തിരികെ സന്തോഷം നൽകാതിരിക്കാനാവുക? പുഞ്ചിരിക്കുന്നവനോടാരെങ്കിലും കോപത്തോടെ പ്രതികരിക്കാറുണ്ടോ? വിശപ്പിന്റെ സകല കാഠിന്യവുമനുഭവിച്ച്, ദാരിദ്ര്യത്തിന്റെ എല്ലാ അടയാളങ്ങളെയുമാവാഹിച്ച് തന്റെ വീട്ടിലേക്ക് കടന്നുവന്ന യുവതിയെയും ഒക്കത്തിരുന്ന കുഞ്ഞിനെയും മദീനാ ജീവിതത്തിൽ പ്രവാചകൻ(സ്വ) വിശ്വാസികളെ ഓർമ്മിപ്പിക്കുന്നുണ്ട്, സഹധർമിണിയിലേക്ക് നബി തിരിഞ്ഞുനോക്കിയപ്പോഴേക്കും ആകെയുണ്ടായിരുന്ന ഈത്തപ്പഴം എടുത്തു കൊണ്ടുവന്നിരുന്നു അവർ.

നാളുകൾക്ക് ശേഷം കിട്ടുന്ന ഭക്ഷണത്തോട് അതീവ താത്പര്യം കാണിച്ച കുഞ്ഞിന്റെ വായിലേക്ക് ഒരു കഷ്ണം വെച്ചുകൊടുത്ത് മറു കഷ്ണം സ്വന്തം വായിലക്കിടാൻ തുനിഞ്ഞപ്പഴേക്കും ഒക്കത്തിരുന്ന കുഞ്ഞുകൈകൾ അതിനുകൂടി കൈനീട്ടി, ഒട്ടും സങ്കോചമില്ലാതെ അതും ഓമനക്കുഞ്ഞിന്റെ വായിൽ വെച്ചുകൊടുക്കുമ്പോൾ ആ പെണ്ണ് ചിരിക്കുന്നുണ്ടായിരുന്നു; സന്തോഷത്തിന്റെ ചിരി.

ആ ചിരി ചൂണ്ടിക്കൊണ്ട് നബി(സ്വ) പറഞ്ഞത് 'അല്ലാഹുവും ചിരിക്കും ഇതിനെക്കാൾ മനോഹരമായി, തന്റെ അടിമ അവനിലേക്ക് ഖേദിച്ചു മടങ്ങുമ്പോൾ' എന്നായിരുന്നു. നമുക്ക് നൽകപ്പെട്ട അനേകം അനുഗ്രഹങ്ങളിലൊന്നാണ് മുൻപല്ലുകൾ. നമ്മുടെ മനസ്സിന്റെ നിർമലതയും ഹൃദയത്തിന്റെ സ്നേഹവും സന്തോഷവും മറ്റുള്ളവരുടെ മുന്നിൽ എന്തുകൊണ്ടൊരു പുഞ്ചിരിയിലൂടെ പ്രകടമാക്കിക്കൂടാ...?

പുഞ്ചിരി ധർമമാണെന്നും തന്റെ സഹോദരനായ ഓരോ മനുഷ്യനെയും പുഞ്ചിരികൊണ്ട് എതിരേൽക്കണമെന്നും പഠിപ്പിച്ച നബി(സ) മനുഷ്യർ പരസ്പരം എന്തുമാത്രം സ്നേഹത്തിൽ ഇടപഴകി ജീവിക്കണമെന്നാണ് നമ്മെ പഠിപ്പിച്ചത്!

അവനവനിലേക്ക് ചുരുങ്ങിപ്പോയിരുന്ന ലോകത്തെ കൊറോണ പഠിപ്പിച്ച വലിയ പാഠം മറ്റുള്ളവനെകൂടി ശ്രദ്ധിക്കണം എന്നതായിരുന്നില്ലേ? തന്റെ അയൽപക്കത്ത് രോഗം വരാതിരിക്കുന്നത് തനിക്കുകൂടി ആവശ്യമാണെന്ന സാമൂഹ്യപാഠം പഠിക്കാൻ ലോകത്തിന് ഒരു മഹാമാരിവരെ കാത്തിരിക്കേണ്ടിവന്നു.

ഖത്തർ ഗവൺമെന്റ് പുറത്തിറക്കിയ ജാഗ്രത സന്ദേശത്തിന്റെ മുഖ്യ വാചകം ഇതായിരുന്നു: 'സലാമതുക്കും സലാമതുനാ.' (നിങ്ങളുടെ ആരോഗ്യമാണ് ഞങ്ങളുടെ ആരോഗ്യം).

മനോഹരമായ ഒരു സദുപദേശകഥയുണ്ട്. പരമദരിദ്രനായ ഒരാൾ ദൈവത്തോട് പരാതി പറഞ്ഞു: 'നീ സർവശക്തനാണല്ലോ. ആർക്കും എന്തും നൽകാൻ കഴിയുന്നവൻ. നീ ധാരാളമാളുകൾക്ക് സമ്പത്തിന്റെ വലിയ കൂമ്പാരങ്ങൾ തന്നെ നൽകിയിട്ടുണ്ടല്ലോ. അതിനാൽ അവർക്ക് ധാരാളം ദാനം ചെയ്യാൻ കഴിയുന്നു. സുഖമായി ജീവിക്കാനും ആഗ്രഹിക്കുന്നതൊക്കെ നടപ്പാക്കാനും സാധിക്കുന്നു. എന്നിട്ടും നീ എന്തുകൊണ്ടാണ് എന്നെ ഇങ്ങനെ ദരിദ്രനാക്കിയത്? എനിക്ക് എന്താണ് ധാരാളം ധനം നൽകാത്തത്?'

ദൈവം ഇതിനിങ്ങനെ മറുപടി പറഞ്ഞു: 'നീ വലിയ പിശുക്കനായതുകൊണ്ടാണ് നിനക്ക് ഞാൻ ധനം ധാരാളമായി നൽകാത്തത്.'

'സമ്പത്ത് ഉണ്ടെങ്കിലല്ലേ ദാനം ചെയ്യുകയും ഉദാരത കാണിക്കുകയും ചെയ്യുക. പരമ ദരിദ്രനായ എന്നെ എങ്ങനെയാണ് പിശുക്കനെന്ന് പറയുക?'

പ്രത്യുത്തരമായി ദൈവം ചോദിച്ചു: 'നിനക്ക് ഞാൻ രണ്ട് കൈകൾ തന്നില്ലേ? അതുകൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്തുകൊടുത്തോ? രണ്ട് കാലുകൾ തന്നില്ലേ? അവ ഉപയോഗിച്ച് നീ ആരെയെങ്കിലും സഹായിക്കാൻ നടന്നുപോയോ? നിനക്ക് ഞാൻ ചുണ്ടിണകളും നാവും നൽകിയില്ലേ? അവ ഉപയോഗിച്ച് നീ ആരെയെങ്കിലും ആശ്വസിപ്പിച്ചോ? ആരോടെങ്കിലും സമാശ്വാസ വചനങ്ങൾ പറഞ്ഞോ? നിനക്ക് ഞാൻ കണ്ണിണകൾ നൽകിയില്ലേ? അവകൊണ്ട് നീ ആരെയെങ്കിലും കരുണാർദ്രമായി നോക്കിയോ? നിനക്ക് ഞാൻ മുഖം തന്നില്ലേ? പുഞ്ചിരിയിലൂടെ നീ ആർക്കെങ്കിലും സന്തോഷം സമ്മാനിച്ചോ? ഞാൻ നൽകിയ അനുഗ്രഹങ്ങളൊന്നും മറ്റുള്ളവർക്കായി ഉപയോഗിക്കാത്ത നിന്നെക്കാൾ പിശുക്കനായി ആരുണ്ട്?'

സഹജീവികൾക്ക് സമാശ്വാസമേകുന്ന എന്തും മഹത്തായ ദാനമാണ്, ധർമമാണ്, പുണ്യകർമമാണ്. പുഞ്ചിരിയോടെയല്ലാതെ നബി(സ്വ)യെ അനുചരർ കണ്ടിരുന്നില്ല. ഏത് കഠിന പ്രതിസന്ധികളെയും ഒരു ചെറു പുഞ്ചിരിയിലൂടെ മറികടക്കാമെന്ന ആദ്യപാഠം അവിടുന്നല്ലേ നമ്മെ പഠിപ്പിച്ചത്?

ഒന്നു ചിരിച്ചെന്ന് കരുതി നിങ്ങൾക്ക് വല്ല നഷ്ടവുമുണ്ടോ? പലപ്പോഴും പലരും കേൾക്കുന്ന ചോദ്യം, അല്ലേ? അതെ! അപരന്റെ മുഖത്ത് നോക്കി ഒന്നു പുഞ്ചിരിക്കുന്നതിലൂടെ നമുക്കൊരു നഷ്ടവുമില്ല എന്ന് മാത്രമല്ല നമുക്കും അയാൾക്കും സമൂഹത്തിനും അവ മുഖേനയുണ്ടാകുന്ന നന്മകൾ ഏറെ വലിയതുമാണ്.

ചിരിക്കാൻ മറന്നു പോകുന്നതാണ് നാം അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളുടെ വലിയൊരളവ് കാരണം. നബി(സ്വ) പറഞ്ഞത് 'ഒരു മുസ്‌ലിമിന്റെ സൽക്കർമങ്ങളിൽ പെട്ട കാര്യമാണ് അയാളുടെ സഹോദരനായ ഒരു മനുഷ്യന് സന്തോഷം നൽകുക എന്നത്' എന്നാണ്.

എത്ര വലിയ പാഠമാണതല്ലേ?

ഒന്നു ചിന്തിച്ചു നോക്കൂ...

ഈ ലോകത്ത് ഓരോരുത്തരും മറ്റൊരാൾക്ക് സന്തോഷം നൽകാൻ ശ്രമിക്കുന്ന സാഹചര്യം വന്നാൽ പിന്നെ കുശുമ്പുണ്ടാകുമോ? പക? ദേഷ്യം? അസൂയ? വഞ്ചന? കളവ്? കൊലപാതകം? ഒന്നുമുണ്ടാകാൻ സാധ്യതയില്ല!

എങ്കിൽ അവയുടെ തുടക്കമാണ് മുഖത്തോട് മുഖം നോക്കി ചിരിച്ചു തുടങ്ങുക എന്നത്. ജീവിതം എന്നത് എപ്പഴും അവസാനിക്കാവുന്ന പ്രതിഭാസമാണെന്ന് നാൾക്കുനാൾ ബോധ്യം വരുന്ന കാലത്ത് ഇനിയുമെന്തിന് ഉള്ളുതുറന്ന് ചിരിക്കാൻ നാം മടിക്കണം? ■



# സംവരണം; ആശ്വാസം നൽകുന്ന സുപ്രീംകോടതി വിധി

ടി.കെ അശ്‌റഫ്
: 81118 07199

ഇരുപത്തിയേഴ് ശതമാനം ഒബിസി സംവരണവും 10% മുന്നാക്ക സംവരണവും മെഡിക്കൽ പ്രവേശനത്തിന് കൂടി ബാധകമാക്കാൻ കഴിഞ്ഞ ജൂലൈ മാസത്തിൽ കേന്ദ്രത്തിന്റെ ആരോഗ്യ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ഏതാനും ഡോക്ടർമാർ സുപ്രീം കോടതിയെ സമീപിക്കുകയുണ്ടയി. സംവരണത്തിലൂടെ സംവരണേതര വിഭാഗങ്ങൾക്ക് അവസരം നഷ്ടപ്പെടുന്നുവെന്നും അതുവഴി വിദ്യാഭ്യാസ തൊഴിൽ മേഖലയിൽ "മെറിറ്റിൽ' കാര്യമായ ഇടിവ് സംഭവിക്കുന്നുവെന്നുമുള്ള വാദമാണ് ഹരജിക്കാർ മുന്നോട്ടുവച്ചത്.

എന്നാൽ പരീക്ഷയിലെ മെറിറ്റും സംവരണവും രണ്ടായിത്തന്നെ കാണണമെന്ന് സുപ്രീംകോടതി നിരീക്ഷിക്കുകയും ഹർജിക്കാരുടെ വാദം തള്ളുകയുമാണ് ചെയ്തത്. നീറ്റ്, പിജി ഒബിസി സംവരണം കോടതി അംഗീകരിച്ചു. മുന്നാക്ക സംവരണം ഈ വർഷത്തേക്ക് നടപ്പാക്കാനും അനുമതി നൽകി. എന്നാൽ മുന്നാക്ക സംവരണത്തിന്റെ ഭരണഘടനാ സാധുത വിശദമായി പരിശോധിക്കാൻ കോടതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സംവരണം ഭരണഘടനാപരമായ ഒരവകാശം എന്നതിനെക്കാൾ ഔദാര്യം എന്ന നിലയിലാണ് പലപ്പോഴും വിവക്ഷിക്കപ്പെടാറുള്ളത്. മാധ്യമ ചർച്ചകളിലും സംവരണ സെമിനാറുകളിലും ഭരണകൂട ഇടപെടലുകളിലുമെല്ലാം സംവരണത്തോട് നിഷേധാത്മകമായ സമീപനം നിലനിൽക്കുന്ന സാഹചര്യത്തിൽ സംവരണമെന്ന ആശയത്തെ ഉയർത്തിപ്പിടിച്ച സുപ്രീംകോടതി വിധി ആശ്വാസകരമാണ്.

അതോടൊപ്പം, സാമൂഹ്യ പിന്നാക്കാവസ്ഥയെന്ന സംവരണത്തിന്റെ അടിസ്ഥാന തത്ത്വത്തെ അട്ടിമറിച്ച്, സംവരണത്തിന്റെ മാനദണ്ഡം സമ്പത്താണെന്ന ഭരണഘടനാവിരുദ്ധ നിലപാടിന് അംഗീകാരം ലഭിക്കാൻ പാകത്തിൽ കോടതിവിധിയിലെ മുന്നാക്ക സംവരണത്തെ വ്യാഖ്യാനിക്കാനും സാധ്യത ഏറെയാണ്.

സംവരണം സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന അജ്ഞതയും ആശയക്കുഴപ്പവും അകറ്റാൻ ഈ സന്ദർഭത്തിൽ സംവരണ സമുദായങ്ങൾ മുന്നോട്ട് വരണം. ഒരു വിവാദം വരുമ്പോൾ മറുപടി പറയുക എന്നതിലുപരി ശാന്തമായി ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും പഠിപ്പിക്കുന്ന സാഹചര്യമുണ്ടാകണം.

കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംവരണ തത്ത്വങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. സംവരണം ഭരണഘടനയിൽ ഇടം പിടിച്ചതിന്റെ പിന്നിലുള്ള കാരണങ്ങൾ, അതിനു വേണ്ടി നടന്ന സംവാദങ്ങൾ, ചർച്ചകൾ എന്നിവ പുതുതലമുറയെ പഠിപ്പിക്കണം. പൊതുജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്താണ് ഇത്തരം വിഷയങ്ങൾ ഉയർത്തിപ്പിടിച്ച് സമുദായങ്ങൾക്കിടയിൽ വൈരവും വിഭാഗീയതയും ചിലർ കുത്തിവയ്ക്കുന്നത്.

സമൂഹത്തിൽ ജാതീയവും ചരിത്രപരവുമായ കാരണങ്ങളാൽ പിന്നാക്കം പോയവരെയും വിവേചനം നേരിടുന്നവരെയും മുഖ്യധാരയിൽ എത്തിക്കാനും അതുവഴി സമത്വം ഉറപ്പുവരുത്താനുമുള്ള ഭരണഘടനാ പദ്ധതിയാണ് സംവരണമെന്ന ശരിയായ കാഴ്ചപ്പാട് സമൂഹത്തിന് പകർന്നു നൽകണം. സംവരണം ആരുടെയും ഔദാര്യമല്ലെന്നും മറ്റുള്ളവരുടെ അവകാശത്തെ ഒട്ടും ഹനിക്കുന്നതല്ലെന്നുമുള്ള യാഥാർഥ്യം ബോധ്യപ്പെടുത്തുന്നതിലൂടെ അനാവശ്യമായ വിഭാഗീയതകൾ അവസാനിപ്പിക്കാനാവും. സുപ്രീംകോടതി വിധി അതിലേക്കുള്ള ചുവടുവയ്പ്പിന് നിമിത്തമാകട്ടെയെന്ന് പ്രത്യാശിക്കുന്നു. ■




**കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244**

**WhatsApp: 9207525244**


**WISDOM BOOKS**

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437  9207525244


ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

**ഈ ഓഫർ ഡിസംബർ 5 മുതൽ ജനുവരി 15 വരെ**

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

**SCAN & PAY**

BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JANUARY 29

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10-

## വിപണിയിൽ

# നേർപഥം

സ്പെഷ്യൽ പതിപ്പ്

# കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100